**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

## (SOCIAL SERVICES)

**ആനുകാലിക റിപ്പോർട്ട്**

(2024 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2024)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2024 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്
(Presented on $8^{th}$ July, 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

## (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

**ആനുകാലിക റിപ്പോർട്ട്**

(2024 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2024)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1014/2024.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 8 |

# സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## (2023-2026)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ഒ. ആർ. കേളു

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം</u> :

ഡോ. ആർ. ബിന്ദു,

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII (2021-2023), 2021 ജൂൺ 7-ാം തീയതിയും സബ്ജക്ട് കമ്മിറ്റി XIII (2023-2026), 2023 ഡിസംബർ 7-ാം തീയതിയും രൂപീകൃതമായി. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പ്രസ്തുത സമിതികൾ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 12-7-2023, 10-8-2023, 18-1-2024, 28-2-2024, 5-3-2024 എന്നീ തീയതികളിലായി ആകെ 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ രണ്ട് യോഗങ്ങൾ ധനാഭ്യർഥനകളുടെ പരിശോധനയ്ക്കും 4 യോഗങ്ങൾ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായിരുന്നു.

ഏഴ് അധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം അധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അധ്യായത്തിൽ നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം അധ്യായത്തിൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അധ്യായത്തിൽ ധനാഭ്യർഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഏഴാം അധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2024 ജൂലൈ4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഒ. ആർ. കേളു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2024 ജൂലൈ 8.

## കരട് റിപ്പോർട്ട്

## അധ്യായം - I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2023 ആഗസ്റ്റ് 10-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2023 സെപ്റ്റംബർ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ആനുകാലിക റിപ്പോർട്ട് 2023 ആഗസ്റ്റ് 10-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2023 സെപ്റ്റംബർ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അധ്യായം - II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ ബില്ലുകളൊന്നും സമിതിയുടെ പരിഗണനയ്ക്ക് ലഭിച്ചിട്ടില്ല.

## അധ്യായം - III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ സംബന്ധിച്ച വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ എസ്.ആർ.ഒ.-കളൊന്നും സമിതിയുടെ പരിഗണനയ്ക്ക് ലഭിച്ചിട്ടില്ല.

## അധ്യായം - IV

നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ 235(എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

## അധ്യായം - V

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് കാലയളവ് | ധനാഭ്യർഥന നമ്പർ | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | 2019-20 | XXV | പട്ടികവർഗ വികസനം | 9-8-2023 |
| 2. | 2020-21 | XXV | പട്ടികവർഗ വികസനം | 9-8-2023 |
| 3. | 2021-22 | XXV | പട്ടികവർഗ വികസനം | 9-8-2023 |
| 4. | 2021-22 | XLVI | വനിതാ ശിശുവികസനം | 9-8-2023 |
| 5. | 2021-22 | XXV | പട്ടികജാതി വികസനം | 30-1-2024 |
| 6. | 2022-23 | XXV | പിന്നാക്ക വിഭാഗ വികസനം | 9-8-2023 |
| 7. | 2022-23 | XLVI | പൊതുഭരണ (എഫ്.എഫ്.പി.) | 9-8-2023 |
| 8. | 2022-23 | XLVI | ആഭ്യന്തരം | 9-8-2023 |
| 9. | 2022-23 | XLVI | സൈനിക ക്ഷേമം | 9-8-2023 |
| 10. | 2022-23 | XLVI | വനിതാ ശിശുവികസനം | 30-1-2024 |

## അധ്യായം - VI

(എ) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ നടപ്പുവർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും**

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 89/സബ്.സി.ജി2/2020/ലെ.ജി.)

ശിപാർശ (ഖണ്ഡിക നം.10)

2225-02-800-56—ആദികലാഗ്രാമം - കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)

കിർത്താഡ്സ് മുഖേന പട്ടികവർഗ യുവകലാകാരന്മാർക്കുവേണ്ടി സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനും 2019-20 ബജറ്റ് പ്രൊപ്പോസലിൽ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും 2.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതമായി 50 ലക്ഷം രൂപ ലഭിച്ചിരുന്നു. ടി തുകയിൽ 27.82 ലക്ഷം രൂപ ചെലവഴിച്ചു. ബാക്കി 22.18 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത വർഷത്തിൽ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മറ്റ് തുകകളൊന്നും ആവശ്യമായി വന്നില്ല.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള അധികവിവര റിപ്പോർട്ടുകൾ

(ഫയൽ നമ്പർ 2504/സബ്.സി.ജി2/2022/നി.സെ.)

ഖണ്ഡിക 24-ന്മേലുള്ള അധികവിവരം

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 24 പരിഗണിക്കവെ 2235-02-101-89 വികലാംഗർക്കു വേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 'വികലാംഗർ' എന്ന വാക്കിനുപകരം 'ഭിന്നശേഷിക്കാർ' എന്ന വാക്ക് ചേർക്കണമെന്നും അതോടൊപ്പം വികലാംഗക്ഷേമ കോർപ്പറേഷന്റെ പേരിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

<u>സ്വീകരിച്ച നടപടി</u>

2235-02-101-89 എന്ന ശീർഷകത്തിന്റെ നാമധേയം 'ഭിന്നശേഷിക്കാർക്ക് വേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം' എന്ന രീതിയിൽ ബജറ്റ് സോഫ്റ്റ്‌വെയറിൽ ധനകാര്യ വകുപ്പ് മാറ്റം വരുത്തിയിട്ടുണ്ട്.

[1. സർക്കാർ കത്ത് നമ്പർ ബി2/245/2022/സാനീവ. തീയതി 26-10-2023

2. സർക്കാർ കത്ത് നമ്പർ എ 3/61/2022/സാനീവ. തീയതി 6-7-2023]

<u>ഖണ്ഡിക 25 മേലുള്ള അധികവിവരം</u>

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 25 പരിഗണിക്കവെ 2235-02-104-98-36-അനാഥശാലകൾ-ധനസഹായം-ശമ്പളേതരം എന്ന ഹെഡിലെ 'അനാഥശാലകൾ' എന്ന പേര് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

<u>സ്വീകരിച്ച നടപടി</u>

3-11-2023-ലെ സ.ഉ.(സാധാ)നമ്പർ 7703/2023-ധന. നമ്പർ ഉത്തരവ് പ്രകാരം 2235-02-104-98-36 (എൻ.പി.) അനാഥശാലകൾ-ധനസഹായം-ശമ്പളേതരം (Orphanages-Grant-in-aid Salary) എന്ന ശീർഷകം ബാലസംരക്ഷണ സ്ഥാപനങ്ങൾ-സഹായധനം-ശമ്പളേതരം എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

[1. സർക്കാർ കത്ത് നമ്പർ WCD-C3/298/2022-WCD]

[2. സർക്കാർ കത്ത് നമ്പർ എ 3/61/2022/സാ.നീ.വ. തീയതി 6-7-2023]

<u>ഖണ്ഡിക 26-മേലുള്ള അധികവിവരം</u>

ഖണ്ഡിക നം. 26 പരിഗണിക്കവെ 2235-02-104-97-യാചകകേന്ദ്രങ്ങൾ എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 'യാചകകേന്ദ്രങ്ങൾ' എന്ന വാക്കിനുപകരം 'സംരക്ഷണ കേന്ദ്രങ്ങൾ' എന്ന വാക്ക് ചേർക്കണമന്ന് സമിതി നിർദേശിച്ചു.

<u>സ്വീകരിച്ച നടപടി</u>

31-12-2022-ലെ സ.ഉ.(സാധാ) നമ്പർ 8930/2022/ധന. പ്രകാരം മേൽപ്പറഞ്ഞ '2235-02-104-97-യാചക കേന്ദ്രങ്ങൾ/Beggar Homes' എന്ന ശീർഷകത്തിന്റെ Nomenclature '2235-02-104-97-സംരക്ഷണ കേന്ദ്രങ്ങൾ/ Protection Homes' എന്ന് മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 3/61/2022/സാ.നീ.വ. തീയതി 6-7-2023)

ഖണ്ഡിക 34-ന്മേലുള്ള അധികവിവരം

ഖണ്ഡിക നമ്പർ 34 പരിഗണിക്കവെ 2235-02-102-55-01-5 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 'അങ്കണവാടി വർക്കർ' എന്ന വാക്കിന് പകരം 'അങ്കണവാടി ജീവനക്കാർ' എന്ന് തിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദേശിച്ചു.

സ്വീകരിച്ച നടപടി

സംയോജിത ശിശുവികസന സേവന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങൾക്ക് വിധേയമായിട്ടാണ് സംസ്ഥാന സർക്കാരുകൾ ഈ പദ്ധതി നടപ്പിലാക്കുന്നത്. 'അങ്കണവാടി വർക്കർ' എന്നത് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള തസ്തികയുടെ പേരാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ/ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന സ്വയം സന്നദ്ധരായ പ്രവർത്തകരാണ് അങ്കണവാടി വർക്കർമാർ- ഇവരെ കേന്ദ്ര സർക്കാർ ജീവനക്കാരായോ അർദ്ധ സർക്കാർ ജീവനക്കാരായോ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായോ പരിഗണിക്കാൻ ഈ പദ്ധതി വ്യവസ്ഥ ചെയ്യുന്നില്ല. ആയതിനാൽ കേന്ദ്ര പദ്ധതിയായ സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള അങ്കണവാടി വർക്കർ എന്നതിനുപകരം അങ്കണവാടി ജീവനക്കാർ എന്ന് തിരുത്തുന്നതിന് ഈ പദ്ധതിയുടെ മാർഗനിർദേശങ്ങൾ അനുവദിക്കുന്നില്ല.

(സർക്കാർ കത്ത് നമ്പർ വ.ശി.വി.വ.-ബി2/60/2021/വ.ശി.വി.വ., തീയതി 31-7-2023)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 40-ലെ ശിപാർശയിന്മേലുള്ള അധിക വിവര റിപ്പോർട്ട് സംബന്ധിച്ച്

ഖണ്ഡിക 40 പരിഗണിക്കവെ (2235-02-103-64-അന്വേഷി വനിതാ കൗൺസലിംഗ് സെന്റർ) " അന്വേഷി" എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി വനിതാ ശിശുവികസന വകുപ്പിനോട് നിർദേശിച്ചു.

സ്വീകരിച്ച നടപടി

"അന്വേഷി" വനിതാ കൗൺസലിംഗ് സെന്റർ എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് 4-11-2022-ലെ കോഴിക്കോട് ജില്ല വനിതാ ശിശുവികസന ഓഫീസറുടെ പരിശോധന റിപ്പോർട്ട് പ്രകാരം, കൗമാരപ്രായക്കാരായ കുട്ടികൾക്ക് വേണ്ടിയുള്ള വിവിധ

ക്ലാസ്സുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ, സ്ത്രീസുരക്ഷാ സംവിധാനങ്ങളെ ക്കുറിച്ചുള്ള ക്ലാസ്സുകൾ, നിയമസാക്ഷരതാ ക്ലാസ്സുകൾ എന്നിവയെല്ലാം അങ്കണവാടികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച്കൊണ്ട് ഈ സംഘടന നടത്തി വരുന്നുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. അന്വേഷിയിൽ അഭയം തേടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകി വരുന്ന ഷോർട്ട് സ്റ്റേ ഹോമിൽ കഴിഞ്ഞ വർഷം 65 പേർ വന്നിട്ടുള്ളതാണ്. അന്വേഷി എന്ന സംഘടനയുടെ കോഴിക്കോട് ജില്ലയിലെ പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്.

(സർക്കാർ കത്ത് നമ്പർ വ.ശി.വി.വ.-ബി3/52/2021-വ.ശി.വി.വ. തീയതി 23-5-2023)

പ്രസ്തുത റിപ്പോർട്ടുകൾ 12-7-2023, 18-1-2024 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിച്ച് അംഗീകരിച്ചു.

<u>2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 20751/സബ്.സി.ജി2/2022/നി.സെ.)

<u>ഖണ്ഡിക 43-മേലുള്ള അധികവിവരം</u>

സമിതിയുടെ 22-6-2023-ലെ യോഗത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കവെ ഖണ്ഡിക 43-ലെ 4225-03-190-99-ഹരിജനങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ എന്ന ശീർഷകത്തിലെ 'ഹരിജനങ്ങൾ' എന്ന വാക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് വകുപ്പിന് നിർദേശം നൽകി.

<u>സ്വീകരിച്ച നടപടി</u>

4225-03-190-99-ഹരിജനങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ എന്ന ശീർഷകത്തിന്റെ Nomenclature 'പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്കും, പട്ടികജാതിയിലേക്ക്

ശിപാർശ ചെയ്യപ്പെട്ടവർക്കുമായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ' എന്ന് മാറ്റം വരുത്തി 26-7-2023-ലെ സ.ഉ.(സാധാ) നം.5578/2023/ ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബജറ്റ് Software-ലും ആയത് പ്രകാരമുള്ള മാറ്റം വരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 1/2023/പി.വി.വി.വ. തീയതി 20-9-2023)

പ്രസ്തുത റിപ്പോർട്ട് 18-1-2024-ലെ യോഗത്തിൽ സമിതി പരിഗണിച്ച് അംഗീകരിച്ചു.

## അധ്യായം - VII

### സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

**ഒ. ആർ. കേളു,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2024 ജൂലൈ 4.

## അനുബന്ധം

## 12-7-2023-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2023 ജൂലൈ 12-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '3 സി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്. ഒഫീഷ്യോ അംഗവും ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദു, പ്രത്യേക ക്ഷണിതാവായ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ്, ബഹു. അംഗം ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ. എന്നിവർ വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. അൻസലൻ, എം.എൽ.എ.
2. ശ്രീ. എം. നൗഷാദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി ഷർമ്മിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് & വനിത ശിശു വികസന വകുപ്പ്.

2. ശ്രീ. അജിത് കുമാർ, സെക്രട്ടറി, സൈനിക ക്ഷേമ വകുപ്പ്.

3. ശ്രീ. പ്രശാന്ത് എൻ, സ്പെഷ്യൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ്.

4. ശ്രീ, മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ (കോ-ഓർഡിനേഷൻ) വകുപ്പ്.

5. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

6. ശ്രീ. സന്തോഷ് കുമാർ ടി.കെ. അഡീഷണൽ സെക്രട്ടറി, വനിതാ ശിശു വികസന വകുപ്പ്.

7. ശ്രീ. രാജേഷ് പ്രകാശ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് & ഫിനാൻസ് ഓഫീസർ, KSCEBCFC.

8. ശ്രീ. ദിലീപ്കുമാർ റ്റി. ഐ., ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

9. ശ്രീമതി സ്വപ്ന എം., ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടിവർഗ വികസന വകുപ്പ്.

10. ശ്രീ. കെ. ഗോപാലകൃഷ്ണൻ, ഡയറക്ടർ, പട്ടികജാതി പട്ടികവർഗ, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

11. ശ്രീമതി പ്രിയങ്ക ജി., ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്.

12. ശ്രീ. ഷിബു എ., എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ.

13. ക്യാപ്റ്റൻ വിനോദ് മാത്യു, ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്.

14. ശ്രീ. പുരുഷോത്തമൻ കെ. പി., രജിസ്ട്രാർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഇക്കോണമിക്കലി ബാക്ക്‌വേർഡ് ക്ലാസസ് എമംഗ് ഫോർവേർഡ് കമ്മ്യൂണിറ്റീസ് (KSCEBCFC)

15. ശ്രീ. വി. സജീവ്, അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.

16. ശ്രീമതി ജലജ എസ്., അഡീഷണൽ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.

17. ശ്രീമതി ബിന്ദു ഗോപിനാഥ്, അഡീഷണൽ ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്.

18. ശ്രീമതി ദേവി എൽ. ആർ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ് (KSWCFC)

19. ശ്രീ. ദേവിദാസ് എൻ., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ.

20. ശ്രീമതി ബിന്ദു വി. സി., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.

21. ശ്രീമതി സോണിയ വാഷിംഗ്ടൺ, മെമ്പർ സെക്രട്ടറി, വനിതാ കമ്മീഷൻ.

22. ശ്രീ. എം. കെ., സിനുകുമാർ, മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്.

23. ശ്രീ. ജി. സിദ്ധാർത്ഥൻ, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

24. ശ്രീ. മനോജ്, എം.എസ്., അണ്ടർ സെക്രട്ടറി, വനിതാശിശു വികസന വകുപ്പ്.

25. ശ്രീ. സുരേഷ് കെ. എം., മാനേജർ, ദി ജെൻഡർ പാർക്ക്.

26. ശ്രീമതി ആശ എസ്., മാനേജർ (P & F), കേരളസംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.

27. ശ്രീമതി സിമി എ. എസ്., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ.

28. ശ്രീമതി ലത എം.എസ്., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ.

29. ശ്രീമതി ലിജ ജോസഫ്, ഫിനാൻസ് ഓഫീസർ, കേരള വനിതാ കമ്മീഷൻ.

30. ശ്രീ. കൃഷ്ണകുമാർ സി. കെ., ഫിനാൻസ് ഓഫീസർ, പട്ടികജാതി വികസന വകുപ്പ്.

31. ശ്രീമതി ബിന്ദു എ. ആർ., ഫിനാൻസ് ഓഫീസർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ.

32. ശ്രീമതി മഞ്ജു എസ്. എസ്., സീനിയർ ഫിനാൻസ് ഓഫീസർ, വനിതാ ശിശു വികസന ഡയറക്ടറേറ്റ്.

33. ശ്രീ. പ്രദീപ് പി., സീനിയർ സൂപ്രണ്ട്, സാമൂഹ്യനീതി ഡയറക്ടറേറ്റ്.

സമിതി കാര്യവിവരപ്പട്ടികയിലെ താഴെപ്പറയുന്ന ഇനങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. പട്ടികവർഗ കോളനികളിലെയും പട്ടികവർഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിലെയും വിദ്യാഭ്യാസം, ആരോഗ്യപരിപാടികൾ, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ എന്നിവയുടെ പഠനം സംബന്ധിച്ച് സമിതി ആരാഞ്ഞ അധിക വിവരങ്ങളിന്മേൽ പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫയൽ നം. 5482/സബ്.സി.ജി.2/2014/നി.സെ.)

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ വികസനം, വനിതാശിശു വികസനം, സാമൂഹ്യനീതി, സൈനികക്ഷേമം, പൊതുഭരണം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ.

(ഫയൽ നം. 13431/സബ്.സി.ജി2/2022/നി.സെ.)

<u>പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്</u>

(ഖണ്ഡിക 1, 2, 3, 5)

ഖണ്ഡിക 1, 2, 3, 5 എന്നിവയിന്മേൽ പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ 6-7-2023-ലെ എഫ് 2/176/2022/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു. ഖണ്ഡിക 2-ന്റെ മറുപടി പരിഗണിക്കവെ പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണച്ചെലവുകൾക്കായുള്ള 2225-01-277-54 (NP) ശീർഷകത്തിൽ പ്രസ്തുത സാമ്പത്തിക വർഷം ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും നോൺ-പ്ലാൻ ഹെഡിൽ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ പ്രൊപ്പോസൽ ധനകാര്യവകുപ്പ് നിരസിച്ചുവെന്നും പ്രസ്തുത സാഹചര്യത്തിൽ 2225-01-277-5734(P) ശീർഷകത്തിൽ നിന്നുമാണ് പാലക്കാട് മെഡിക്കൽ കോളേജിന് തുക അനുവദിച്ച് വരുന്നതെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത ഖണ്ഡികകളിന്മേലുള്ള മറുപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

<u>സാമൂഹ്യനീതി വകുപ്പ്</u>

(ഖണ്ഡിക 33, 36, 37, 46)

ഖണ്ഡിക 33, 36, 37, 46 എന്നിവയിന്മേൽ സാമൂഹ്യനീതി വകുപ്പിന്റെ 30-5-2023-ലെ ബി2/203/2022/സാ.നീ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

<u>വനിതാ ശിശുവികസന വകുപ്പ്</u>

(ഖണ്ഡിക 50,54)

ഖണ്ഡിക 50,54 എന്നിവയിന്മേൽ വനിതാ ശിശുവികസന വകുപ്പിന്റെ 19-5-2023-ലെ A2/153/2022-WCD, 16-2-2023-ലെ വ.ശി.വി.വ.എ. 1/75/2022-വ.ശി.വി.വ. എന്നീ നമ്പർ കത്തുകൾ പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

<u>പൊതുഭരണ വകുപ്പ്</u>

(ഖണ്ഡിക 72,73,74,75)

ഖണ്ഡിക 72,73,74,75, എന്നിവയിന്മേൽ പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 11-5-2023-ലെ സിഡിഎൻ4/171/2022-പൊ.ഭ.വ., 30-6-2023-ലെ സിഡിഎൻ3/85/2023/ പൊ.ഭ.വ. എന്നീ നമ്പർ കത്തുകൾ പ്രകാരം ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിച്ചു.

ഖണ്ഡിക 75-ന്റെ മറുപടി പരിഗണിക്കവെ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനിലെ ശമ്പള പരിഷ്കരണ കുടിശ്ശിക, ചെയർമാന്റെ ഓണറേറിയം, എന്നിവയ്ക്കായി അധികമായി ആവശ്യപ്പെട്ട 50 ലക്ഷം രൂപയിൽ 6.5 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷാവസാനം അനുവദിച്ചെങ്കിലും തുക റിലീസ് ചെയ്തില്ല എന്നും ഈ സാമ്പത്തിക വർഷം പ്രസ്തുത തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരില്ലേ എന്ന സമിതി ചോദ്യത്തിന് മറുപടിയായി അനുവദിച്ച തുക ചെലവഴിക്കുന്ന മുറയ്ക്ക് ആവശ്യപ്പെടുന്നതാണെന്ന് ഉദ്യോഗസ്ഥൻ അറിയിച്ചു.

പ്രസ്തുത നടപടി റിപ്പോർട്ടുകൾ (ഖണ്ഡിക 72,73,74,75) സമിതി അംഗീകരിച്ചു.

<u>സൈനിക ക്ഷേമ വകുപ്പ്</u>

(ഖണ്ഡിക 76,77)

ഖണ്ഡിക 76,77 എന്നിവയിന്മേൽ സൈനിക ക്ഷേമ വകുപ്പിന്റെ 28-4-2023-ലെ SW3/161/2022-SWD നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

ഖണ്ഡിക 76-ന്മേലുള്ള മറുപടി പരിഗണിക്കവേ ഫ്ലാഗ് ഡേ ഫണ്ടിന്റെ ധനശേഖരണാർത്ഥം സൈനിക ക്ഷേമ വകുപ്പ് നടത്തിയ ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റായ 12.97 കോടി രൂപയിൽ 7.47 കോടി രൂപ സർക്കാരിൽ നിന്നും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി തുകയിൽ നിന്നും ഒരു കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചതായും ഘട്ടം ഘട്ടമായാണ് തുക അനുവദിക്കുന്നതെന്നും ബാക്കി തുക കൂടി ആവശ്യപ്പെടുന്നതാണെന്നും ഉദ്യോഗസ്ഥൻ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക 77-ന്റെ മറുപടി പരിഗണിക്കവേ നടപ്പു സാമ്പത്തിക വർഷം കേഡറ്റ്സിന് സ്കോളർഷിപ്പ് ഹെഡിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും അധിക തുക അനുവദിക്കണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ 18 ലക്ഷം

രൂപ അധികമായി വകയിരുത്തുകയും സ്കോളർഷിപ്പിന് അപേക്ഷിച്ച 9 പേരിൽ അർഹരായ 6 പേർക്ക് തുക റിലീസ് ചെയ്ത് നൽകിയതായും സമിതി ശിപാർശ പ്രകാരം അനുവദിച്ച 18 ലക്ഷം രൂപയിൽ അർഹരായ 6 പേർക്ക് സ്കോളർഷിപ്പ് തുക നൽകിയതായും ബാക്കി അപേക്ഷകൾ ഡയറക്ടറേറ്റിൽ പരിശോധനയിലാണെന്നും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ധനകാര്യ വകുപ്പിൽ നിന്നും അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സമിതിയുടെ വിവിധ ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ മറുപടി നൽകി.

പ്രസ്തുത ഖണ്ഡികയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ താഴെ സൂചിപ്പിക്കും പ്രകാരം വിവിധ വകുപ്പുകൾ മറുപടി ലഭ്യമാക്കേണ്ടതുണ്ടെന്ന് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പട്ടികജാതി വികസനവകുപ്പ് - ഖണ്ഡിക 4,6

പട്ടികവർഗ വികസന വകുപ്പ് - ഖണ്ഡിക 7 മുതൽ 22 വരെ

പിന്നാക്ക വിഭാഗ വികസനവകുപ്പ്- ഖണ്ഡിക 23 മുതൽ 32 വരെ

സാമൂഹ്യനീതി വകുപ്പ് - ഖണ്ഡിക 35, 38, 43, 44, 45, 47, 48, 66-68

ആഭ്യന്തര വകുപ്പ് - ഖണ്ഡിക 70, 71

പെൻഡിംഗ് റിപ്പോർട്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ അതത് വകുപ്പുകളെ അറിയിച്ച് യഥാസമയം റിപ്പോർട്ട് ലഭ്യമാക്കാനുള്ള നടപടി നിയമസഭാ സെക്രട്ടേറിയറ്റ് സ്വീകരിക്കണമെന്നും പ്രസ്തുത ഖണ്ഡികകളിന്മേൽ യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രത പുലർത്തണമെന്നും സമിതി ചെയർമാൻ നിർദേശിച്ചു.

3. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 10-ലെ ശിപാർശയിന്മേൽ പട്ടികവർഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫ.നം.3334/സബ്.സി.ജി2/2019/നി.സെ.)

നടപടി റിപ്പോർട്ടുകൾ സമബന്ധിതമായി സമർപ്പിക്കാതെ കാലതാമസപത്രികകൾ സഹിതം സമർപ്പിക്കുന്ന വകുപ്പുകളുടെ പ്രവണത അവസാനിപ്പിക്കേണ്ടതുണ്ടെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു.

നടപടി റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പുരോഗതിയുണ്ടായിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു.

4. സമിതിയുടെ 8-12-2021-ലെ യോഗ നിർദ്ദേശങ്ങൾ തുടർ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

(ഫ.നം.2504/സബ്.സി.ജി2/2022/നി.സെ.)

അന്വേഷി എന്ന വനിതാ സംഘടനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനിതാ ശിശു വികസന വകുപ്പ് ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് സമിതി അംഗീകരിച്ചു.

5. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കിക്കൊണ്ട് വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസ പത്രികകൾ.

1. പട്ടികജാതി വികസനവകുപ്പ് - (2019-20), (2020-21)

2. പിന്നാക്ക വിഭാഗ വകസനവകുപ്പ് - (2020-21)

3. വനിതാശിശു വികസനവകുപ്പ് - (2018-19), (2019-20), (2020-21)

പ്രസ്തുത കാലതാമസ പത്രികകൾ സമിതി അംഗീകരിച്ചു

യോഗം ഉച്ചയ്ക്ക് ശേഷം 12.15 ന് അവസാനിച്ചു.

## 10-8-2023 ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2023 ആഗസ്റ്റ് മാസം 10-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.45-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും പട്ടികജാതി, പട്ടികവർഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നതവിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പുമന്ത്രിയുമായ ഡോ.ആർ.ബിന്ദുവും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. ആൻസലൻ, എം.എൽ.എ.
2. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.

3. ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

4. ശ്രീമതി ശാന്തകുമാരി കെ., എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീ. വിജയ് അമൃത്‌രാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ഷർമ്മിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് & വനിതാ ശിശു വികസന വകുപ്പ്

2. ശ്രീമതി മേഘശ്രീ ഡി. ആർ., ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്

3. ശ്രീമതി പ്രിയങ്ക ജി., ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്

4. ശ്രീ. സി. ചന്ദ്രബാബു, എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ (NIPMR)

5. ശ്രീമതി സുജ കെ. കുന്നത്ത്, എക്സിക്യൂട്ടീവ് ഡയറക്ടർ, NISH

6. ശ്രീമതി സൂസൻ ഗോപി, രജിസ്ട്രാർ & അഡീഷണൽ സെക്രട്ടറി, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക്ക്‌വേർഡ് ക്ലാസ്സസ്

7. ശ്രീമതി മിനിമോൾ വി. ജി., അഡീഷണൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ്

8. ശ്രീ. ശശിധരൻ എം., അഡീഷണൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ്

9. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്

10. ശ്രീ. ദിലീപ് കുമാർ റ്റി. ഐ., ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

11. ശ്രീമതി സ്വപ്ന എം., ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്

12. ശ്രീ. സുഭാഷ് കുമാർ കെ. വി., ജോയിന്റ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്

13. ശ്രീ. ബാബുരാജ് ബി., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ
14. ശ്രീ. മൊയ്തീൻകുട്ടി കെ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹാൻഡി കാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ
15. ശ്രീ. ദേവിദാസ് എൻ., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ
16. ശ്രീമതി സോണിയ വാഷിംഗ്ടൺ, മെമ്പർ സെക്രട്ടറി, വനിതാ കമ്മീഷൻ
17. ശ്രീ. എം. കെ. സിനുകുമാർ, മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്
18. ശ്രീ. ജി. സിദ്ധാർത്ഥൻ, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്
19. ശ്രീ. മനോജ് എം. എസ്., അണ്ടർ സെക്രട്ടറി, വനിതാ ശിശു വികസന വകുപ്പ്
20. ശ്രീ. സാബു എസ്., ജനറൽ മാനേജർ (പ്രോജക്ട്സ്), കേരള സ്റ്റേറ്റ് ബാക്ക്വേർഡ് ക്ലാസ്സസ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ
21. ശ്രീമതി പ്രീതി വിൽസൺ, അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
22. ശ്രീമതി ലത എം.എസ്., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
23. ശ്രീമതി ലീജ ജോസഫ്, ഫിനാൻസ് ഓഫീസർ, കേരള വനിതാ കമ്മീഷൻ
24. ശ്രീ. കൃഷ്ണകുമാർ സി. കെ., ഫിനാൻസ് ഓഫീസർ, പട്ടികജാതി വികസന വകുപ്പ്
25. ശ്രീമതി ബിന്ദു എ. ആർ., ഫിനാൻസ് ഓഫീസർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ.
26. ശ്രീ. പ്രകാശൻ എം. പി., ഫിനാൻസ് ഓഫീസർ, കിർത്താഡ്സ്
27. ശ്രീമതി ജയലക്ഷ്മി റ്റി. എം., സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടേറ്റ്
28. ശ്രീ. പ്രദീപ് പി., സീനിയർ സൂപ്രണ്ട്, സാമൂഹ്യനീതി ഡയറക്ടേറ്റ്

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 2022-23 സാമ്പത്തിക വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു .

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധനസംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡികകളിലെ ശിപാർകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നം. 13431/സബ്.സി.ജി2/2022/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 7 മേൽ പട്ടികവർഗ വികസന വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിക്കവെ പട്ടികവർഗ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായ പദ്ധതിക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ 4.13 കോടി രൂപയിൽ 3.61 കോടി രൂപ ചെലവഴിച്ചതായും ചില സാങ്കേതിക കാരണങ്ങളാൽ ശേഷിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞില്ലായെന്നും വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു

പ്രസ്തുത ഖണ്ഡികയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

റിപ്പോർട്ടിലെ ഖണ്ഡിക 8 മേൽ പട്ടികവർഗ വികസന വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിക്കവെ മിശ്ര വിവാഹ ധനസഹായപദ്ധതിയിൽ വിവിധ ഓഫീസുകളിലായി നിലവിൽ 220 അപേക്ഷകൾ പെൻഡിംഗിലാണെന്നും ഇവ കൊടുത്തുതീർക്കുന്നതിനായി 1.10 കോടിരൂപ ആവശ്യമായി വരുമെന്നും നിലവിൽ എൽ.എസ്.ജി.ഡി. ഹെഡ്ഡിലെ നോൺപ്ലാൻ ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക ചെലവഴിക്കുന്നതെന്നും അത് പ്ലാൻ ഫണ്ടിലേയ്ക്ക് മാറ്റിയാൽ ഡയറക്ടേറ്റിൽനിന്ന് നേരിട്ട് തുക അനുവദിക്കാൻ കഴിയുമെന്നും വകുപ്പിന് നേരിട്ട് നിയന്ത്രണമില്ലാത്തതിനാൽ പലപ്പോഴും എക്സ്പെൻഡിച്ചർ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു

പ്രസ്തുത ഖണ്ഡികയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക 9 മേൽ പട്ടികവർഗ വികസന വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിക്കവെ ഈ സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ 16.50 കോടി രൂപയിൽ 16.16 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഈയിനത്തിൽ അധികമായി

അവശ്യപ്പെട്ട തുക അനുവദിക്കാത്തതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് ചെലവഴിച്ചുകൊണ്ടിരിക്കുകയാണെന്നും പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ അപേക്ഷകൾ പെന്റിംഗുണ്ടോ എന്ന സമിതി ചോദ്യത്തിന് മറുപടിയായി നിലവിൽ അപേക്ഷകൾ പെൻഡിങ് ഇല്ലെന്നും ലഭ്യമാകുന്ന അപേക്ഷകളിന്മേൽ നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് തുക അനുവദിക്കുന്നുണ്ടെന്നും ഡയറക്ടർ വ്യക്തമാക്കി.

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

4,6 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 10 മുതൽ 22 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികവർഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 23 മുതൽ 32 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 34,35,38,39,40-45,48,66-68 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 51-53,55,57-65,69 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വനിതാശിശുവികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 70, 71 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി അംഗീകരിച്ചു.

ഖണ്ഡിക 47-ലെ സംസ്ഥാനത്തെ സാമ്പത്തിക ദുരിതമനുഭവിക്കുന്ന പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹ ദമ്പതിമാർക്ക് ധനസഹായം നൽകുന്നതിന് 2016-17 മുതൽ 2021 മാർച്ച് വരെയുള്ള കുടിശ്ശിക തീർക്കുന്നതിന് 9,57,90,000 രൂപ ആവശ്യമായിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞില്ലെന്ന് സാമൂഹ്യനീതി വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഇത്രയും തുക ഒരുമിച്ച് അനുവദിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുകളുണ്ടായേക്കാമെന്നും കഴിവതും തുക സ്പ്ലിറ്റ് ചെയ്ത് ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 47 മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വികലാംഗ ക്ഷേമ കോർപ്പറേഷനിലെ 'വികലാംഗ' എന്ന പദം മാറ്റി ഉചിതമായ പദം കണ്ടെത്തണമെന്ന സമിതി നിർദ്ദേശത്തിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ലെന്ന് സമിതി നിരീക്ഷിക്കുകയുണ്ടായി.

വികലാംഗ ക്ഷേമ കോർപ്പറേഷൻ പൊതുമേഖലാ സ്ഥാപനം ആയതിനാൽ പ്രസ്തുത പദം മാറ്റേണ്ടത് രജിസ്ട്രാർ ഓഫ് കമ്പനീസ് ആണെന്നും രണ്ടുതവണ പ്രൊപ്പോസൽ

സമർപ്പിച്ചിരുന്നുവെങ്കിലും കോർപ്പറേഷന്റെ ആഡിറ്റ് അപ് ടു ഡേറ്റ് ആകാത്തതിനാൽ ആയത് നിരസിക്കുകയുണ്ടായെന്നും ആഡിറ്റ് അപ്പ് ടു ഡേറ്റ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മാനേജിങ് ഡയറക്ടർ അറിയിക്കുകയുണ്ടായി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 13431/സബ്.സി.ജി2/2022/നി.സെ.)

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം.9185/സബ്.സി.ജി2/2023/നി.സെ.)

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

യോഗം വൈകുന്നേരം 5.45 -ന് അവസാനിച്ചു

**സബ്ജക്ട് കമ്മിറ്റി-XIII (സാമൂഹ്യ സേവനം)**

## 18-1-2024 -ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2024 ജനുവരി 18-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. ആൻസലൻ
2. ശ്രീമതി ശാന്തകുമാരി കെ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീ. ചാണ്ടി ഉമ്മൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ടി. കെ. സന്തോഷ് കുമാർ, അഡീഷണൽ സെക്രട്ടറി, വനിത-ശിശുവികസന വകുപ്പ്
2. ശ്രീ. എ. ഷാജഹാൻ, അഡീഷണൽ സെക്രട്ടറി, വനം-വന്യജീവിവകുപ്പ്
3. ശ്രീ. പി. ടി. ജോയി, അഡീഷണൽ സെക്രട്ടറി, പട്ടികജാതിപട്ടികവർഗ്ഗ വികസന വകുപ്പ്
4. ശ്രീമതി എസ്. ലത, അഡീഷണൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്
5. ശ്രീമതി വി. ജി. മിനിമോൾ, അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
6. ശ്രീമതി സ്വപ്ന എം., ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
7. ശ്രീ. ദിലീപ്കുമാർ റ്റി. ഐ., ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
8. ശ്രീമതി ഹരിത വി. കുമാർ, ഡയറക്ടർ, വനിത-ശിശുവികസന വകുപ്പ്
9. ശ്രീ. ചന്ദ്രശേഖർ എസ്., ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്
10. ശ്രീമതി ജലജ എസ്., അഡീഷണൽ ഡയറക്ടർ, സാമൂഹ്യക്ഷേമ ഡയറക്ടേറ്റ്
11. ശ്രീ. വി. സജീവ്, അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
12. ശ്രീമതി എ. ഗീത, ജോയിന്റ് ഡയറക്ടർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
13. ശ്രീ. ടി. കെ. വിനീത്, അസിസ്റ്റന്റ് കമ്മീഷണർ (ഇൻ-ചാർജ്), ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
14. ശ്രീ. മൊയ്തീൻകുട്ടി കെ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡിഫറന്റ്ലി ഏബിൾഡ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്
15. ശ്രീ. പി. ശോഭനകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്

16. ശ്രീ. ജി. സിദ്ധാർത്ഥൻ, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന ഡയറക്ടേറ്റ്
17. ശ്രീ. ഷുമിൻ എസ്. ബാബു, ഡെപ്യൂട്ടി ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
18. ശ്രീ. കെ. കെ. സുനിൽ കുമാർ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
19. ശ്രീ. എം. എസ്. മനോജ്, അണ്ടർ സെക്രട്ടറി, വനിത- ശിശുവികസന വകുപ്പ്
20. ശ്രീ. വിജുകുമാർ വി., ജൂനിയർ സൂപ്രണ്ട്, പട്ടികവർഗ്ഗ വികസന വകുപ്പ്

കാര്യവിവരപ്പട്ടികയിലെ ഇനങ്ങൾ സമിതി പരിഗണിക്കുകയും താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1) <u>സമിതിയുടെ 8-12-2021-ലെ യോഗ നിർദ്ദേശങ്ങളിന്മേൽ സാമൂഹ്യനീതി, വനിതാ ശിശുവികസനം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ</u>

(ഫ.നം 2504/സബ്.സി.ജി2/2022/നി.സെ.)

പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി XIII-ന്റെ നാലാമത് റിപ്പോർട്ട് പരിഗണിക്കവെ ഖണ്ഡിക 24-ൽ 2235-02-101-89- " വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം" എന്ന ശീർഷകത്തിൽ "വികലാംഗർ" എന്ന വാക്കിനുപകരം "ഭിന്നശേഷിക്കാർ" എന്ന വാക്ക് ചേർക്കണം എന്ന സമിതി നിർദ്ദേശത്തിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു

ഖണ്ഡിക 26-ൽ 2235-02-104-97 – 'യാചകകേന്ദ്രങ്ങൾ' എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 'യാചകകേന്ദ്രങ്ങൾ' എന്ന വാക്കിനുപകരം 'സംരക്ഷണകേന്ദ്രങ്ങൾ' എന്ന് മാറ്റി ഉത്തരവ് പുറപ്പെടുവിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 25 ന്മേൽ വനിത-ശിശുവികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ സെക്ഷൻ 41 അനുസരിച്ച് രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്കുമാത്രമേ ശിശു സംരക്ഷണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ എന്നും രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിന് മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നതുകൊണ്ട് ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്താൽമാത്രമേ രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ എന്നും രജിസ്ട്രേഷനെടുക്കാൻ തയ്യാറാകാത്ത സ്ഥാപനങ്ങളാണ് അടച്ചുപൂട്ടേണ്ടിവന്നിട്ടുള്ളതെന്നും ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ നിബന്ധനയനുസരിച്ച് കഴിവതും കുട്ടികളെ ഒരു സ്ഥാപനത്തിൽ നിർത്താതെ

ഫാമിലിയിലേക്കോ ഫോസ്റ്റർ കെയർ സംവിധാനത്തിലേക്കോ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ടുള്ള പരിഗണന കൊടുക്കുക എന്നതിനാണ് പ്രാമുഖ്യം നൽകുന്നതെന്നും അതിന്റെ ഭാഗമായാണ് കേരളത്തിൽ ശിശു സംരക്ഷണ കേന്ദ്രങ്ങൾ കുറഞ്ഞുവരുന്നതെന്നും വനിതാ-ശിശു വികസന വകുപ്പ് ഉദ്യോഗസ്ഥൻ വിശദമാക്കി.

എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്ന സമിതി ചോദ്യത്തിന് മറുപടിയായി വകുപ്പിന്റെ കൈവശമുള്ള കണക്കനുസരിച്ച് രജിസ്ട്രേഷനില്ലാത്ത 316 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്നും പിന്നീട് ഈ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും എത്ര ഡോർമെറ്ററി വേണം; അതിന് എത്ര വലിപ്പം വേണം; കിച്ചൺ എങ്ങനെയായിരിക്കണം തുടങ്ങിയ വ്യവസ്ഥകൾ പാലിച്ച് രജിസ്ട്രേഷന് അപേക്ഷ നൽകിയാൽ പരിശോധനയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നൽകുന്നതാണെന്നും 371 കുട്ടികളുള്ള 16 സർക്കാർ സ്ഥാപനങ്ങൾ ആൺകുട്ടികൾക്കുവേണ്ടിയും 4 സ്ഥാപനങ്ങൾ പെൺകുട്ടികൾക്കുവേണ്ടിയും ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം എന്നിവയ്ക്കായി 9 സ്ഥാപനങ്ങൾ അഡീഷണലായും പ്രവർത്തിക്കുന്നുണ്ടെന്നും നിലവിൽ ആകെ 29 സ്ഥാപനങ്ങളാണ് സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നതെന്നും കൂടാതെ 11143 കുട്ടികളുള്ള 520 എൻ.ജി.ഒ. ഹോമുകളും പ്രവർത്തിക്കുന്നുണ്ടെന്നും സമിതിയുടെ വിവിധ ചോദ്യങ്ങൾക്ക് മറുപടിയായി വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

കേരളത്തിൽ ആയിരത്തിൽ കൂടുതൽ എൻ.ജി.ഒ. ഹോമുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അഞ്ഞൂറിൽ താഴെ സ്ഥാപനങ്ങൾക്കുമാത്രമേ ഇപ്പോൾ സർക്കാർ സഹായം ലഭിക്കുന്നുള്ളൂവെന്നും റേഷൻ ലഭിക്കുന്നതിന്റെ അളവ് കുറവാണെന്നും ക്വാളിറ്റി മോശമാണെന്നും പരാതിയുള്ളതായി സമിതി അംഗം വിശദമാക്കി.

520 എൻ.ജി.ഒ. ഹോമുകൾക്ക് സർക്കാർ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കുവേണ്ടി ആരോഗ്യ-വനിതാ-ശിശുവികസന വകുപ്പിന്റെ കീഴിൽ ചൈൽഡ് കെയർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും നിലവിലുള്ള എൻ.ജി.ഒ. ഹോമുകൾ പരിശോധിച്ച് മാനദണ്ഡപ്രകാരമാണ് അവ പ്രവർത്തിക്കുന്നതെങ്കിൽ അവയ്ക്ക് സർക്കാർ ആനുകൂല്യങ്ങൾ നൽകാൻ തടസ്സമില്ല എന്നും സമിതിയുടെ വിവിധ ചോദ്യങ്ങൾക്ക് മറുപടിയായി ഉദ്യോഗസ്ഥർ വിശദമാക്കി.

നിലവിലുള്ള എൻ.ജി.ഒ. ഹോമുകൾ പരിശോധിച്ച് അർഹതയുള്ള എല്ലാ സ്ഥാപനങ്ങൾക്കും ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ചൈൽഡ് കെയർ എന്നതിനായി സർക്കാർ സ്ഥാപനങ്ങളും എയ്ഡഡ് സ്ഥാപനങ്ങളും മറ്റുള്ളവർ നടത്തുന്ന സ്ഥാപനങ്ങളുമുൾപ്പെടെ കേരളത്തിൽ ആയിരത്തിലധികം

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് സമിതി നിർദ്ദേശിക്കുകയും അന്വേഷണം നടത്താമെന്ന് വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ ഉറപ്പ് നൽകുകയും ചെയ്തു.

ഖണ്ഡിക 25 മേൽ 2235-02-104-98-36 – 'അനാഥശാലകൾ - ധനസഹായം - ശമ്പളേതരം' എന്ന ശീർഷകം 'ബാലസംരക്ഷണ സ്ഥാപനങ്ങൾ-സഹായധനം-ശമ്പളേതരം' എന്ന് പുനർനാമകരണം ചെയ്തതായി അറിയിച്ചുകൊണ്ട് വനിതാ-ശിശുവികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു

ഖണ്ഡിക 34-ൽ 2235-02-102-55-01-5 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 'അങ്കണവാടി വർക്കർ' എന്ന വാക്കിന്പകരം 'അങ്കണവാടി ജീവനക്കാർ' എന്ന് മാറ്റുമ്പോൾ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ആനുകൂല്യത്തിന് തടസ്സം ഉണ്ടാകുമെന്നും Integrated Child Development Services (ICDS)-ന്റെ സെക്ടറിൽ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള ഗൈഡ്ലൈൻ അനുസരിച്ചാണ് ഈ പേര് വരുന്നതെന്നും സർക്കാർ അവർക്ക് ഓണറേറിയം മാത്രമാണ് കൊടുക്കുന്നതെന്നും അതു കൊണ്ട് ജീവനക്കാർ എന്ന നാമപദം കൊടുക്കാൻ കഴിയില്ലെന്ന് വകുപ്പുദ്യോഗസ്ഥർ വിശദമാക്കി .ആയതിനാൽ നിലവിലുള്ള ഹെഡ് ഓഫ് അക്കൗണ്ട് അതുപോലെ നിലനിർത്തുവാൻ സമിതി നിർദ്ദേശിച്ചു.

പ്രസ്തുത വിഷയത്തിന്മേൽ വനിതാ-ശിശുവികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. <u>സമിതിയുടെ 22-6-2022-ലെ യോഗ നിർദ്ദേശങ്ങളിന്മേ പിന്നാക്കവിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്</u>

(ഫ. നം. 20751/സബ്.സി. ജി2/2022/നി.സെ.)

ഖണ്ഡിക 43-ൽ 4225-03-190-99– 'ഹരിജനങ്ങളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ' എന്ന ശീർഷകത്തിലെ 'ഹരിജനങ്ങൾ' എന്ന വാക്ക് ഒഴിവാക്കി 'പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്കും പട്ടികജാതിയിലേയ്ക്ക് ശിപാർശ ചെയ്യപ്പെട്ടവർക്കുമായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ' എന്ന് മാറ്റം വരുത്തിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദമാക്കി.

'ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്കും' എന്നതിന് പകരം 'ക്രിസ്തുമതം സ്വീകരിച്ചവർക്കും' എന്നാക്കി മാറ്റുന്നത് സംബന്ധിച്ച് സമിതി ചർച്ച ചെയ്യുകയും പരിവർത്തിത ക്രൈസ്തവർ എന്നാണ് ആ വിഭാഗം അറിയപ്പെടുന്നത് എന്നും പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ എന്നാണ്

കോർപ്പറേഷന്റെ പേര് എന്നും ആ പേരിൽ മാറ്റം വരില്ല എന്നും 'ഹരിജനങ്ങൾ' എന്ന് വരുന്നിടത്തെല്ലാം 'പട്ടികജാതി' എന്നാക്കി മാറ്റാം എന്നും തീരുമാനിച്ചു.

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു

3. <u>2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 1, 2, 3, 5, 6, 8 എന്നിവയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്</u>

(ഫ. നം. 5510/സബ്.സി ജി2/2023/നി.സെ.)

ഖണ്ഡിക 1 ന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ 40.64 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നെങ്കിലും പ്രസ്തുത ശീർഷകത്തിൽ ഫണ്ടുള്ളതിനാൽ അത് വിനിയോഗിച്ച് കഴിഞ്ഞതിനുശേഷം മാത്രമെ അധികമായി തുക അനുവദിക്കുകയുള്ളൂ എന്ന് ധനകാര്യ വകുപ്പിൽനിന്നും അറിയിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദമാക്കി.

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 3 പരിഗണിക്കവെ 2225-01-277-58 (പ്ലാൻ) - വെള്ളായണി അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പരിപാലനം എന്ന ശീർഷകത്തിൽ 2 കോടി രൂപയുടെ പ്രൊപ്പോസൽ ആദ്യ എസ്.ഡി.ജി.-മുഖേന സമർപ്പിച്ചിരുന്നെങ്കിലും പര്യാപ്തമായ തുകയുണ്ടെന്ന് ചൂണ്ടിക്കാട്ടി വകുപ്പിൽനിന്നും സമർപ്പിച്ച പ്രൊപ്പോസൽ ആദ്യ ബാച്ച് എസ്.ഡി.ജി.-യിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്ന് ഉദ്യോഗസ്ഥൻ വിശദമാക്കി.

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 13 കോടി രൂപയായിരുന്നെങ്കിലും 15 കോടി രൂപ ആവശ്യമായതുകൊണ്ടാണ് രണ്ട് കോടി രൂപ അധികമായി ആവശ്യപ്പെട്ടതെന്നും വിദ്യാർത്ഥികളുടെ ഭക്ഷണത്തിന്റെ കാര്യത്തിനായതുകൊണ്ട് ഇത് പ്രത്യേക കേസ്സായി പരിഗണിച്ച് അധിക തുക ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 5 ന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിക്കവെ സ്കോളർഷിപ്പ് പരിഷ്കരിക്കുന്നുവെന്ന കാരണത്താൽ പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പ് ഈ വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്നില്ല എന്നും സ്കോളർഷിപ്പ് ലഭിക്കാത്തതിനാൽ രക്ഷിതാക്കൾ തുക അടയ്ക്കേണ്ട സാഹചര്യമുണ്ടാകുന്നുണ്ടെന്നും ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനും നിലവിലെ അധ്യയന വർഷം സ്കോളർഷിപ്പ് നൽകുന്നതിനുമുള്ള സാഹചര്യമൊരുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക നമ്പർ 8 ന്മേൽ ലഭ്യമാക്കിയ മറുപടി പരിഗണിക്കവെ മിശ്ര വിവാഹ അപേക്ഷകൾക്കും അതിക്രമം തടയൽ നിയമപ്രകാരം ലഭ്യമായ അപേക്ഷകൾക്കുമായി 50 കോടിയിലധികം രൂപ നടപ്പുസാമ്പത്തിക വർഷം ആവശ്യമുണ്ടെന്നും നിലവിൽ 5 കോടി രൂപ കേന്ദ്ര വിഹിതമായും 3 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുള്ളതിനാൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ആവശ്യപ്പെടുന്ന 18.44 കോടി രൂപകൊണ്ട് കുടിശ്ശികയടക്കം കൊടുത്തുതീർക്കാൻ സാധിക്കുമെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി ഉദ്യോഗസ്ഥൻ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു .

ഖണ്ഡിക 2, 6 എന്നിവയിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

4. ആദിവാസി ഭൂമി പ്രശ്നം സംബന്ധിച്ച് സമിതി ആരാഞ്ഞ അധിക വിവരങ്ങളിന്മേൽ വനം വന്യജീവി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫ. നം.46/സബ്.സി. ജി2/2017/നി.സെ.)

ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമിക്കുപകരം മറ്റെവിടെയെങ്കിലും ഭൂമി നൽകാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും അധികമുള്ള ഭൂമി ആദ്യം കണ്ടെത്തണമെന്നും അതിനുശേഷം ആദിവാസികൾക്ക് കൊടുക്കാൻ കഴിയുന്നത്, ഇതുവരെ കൊടുത്തത് തുടങ്ങിയ വിവരങ്ങൾ സംബന്ധിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെ റവന്യൂ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച സമിതി ചോദ്യത്തിന് വനഭൂമി വിട്ടുകിട്ടിയ പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ പരമാവധി ഭൂമിക്കും പട്ടയം കൊടുത്തിട്ടുണ്ടെന്നും കൂടാതെ ജില്ലകളിലെ ടി.എൽ.എ. (Tribal Land Alienation) കേസുകൾ തീർപ്പാക്കുന്ന മുറയ്ക്ക് നഷ്ടപ്പെട്ട ഭൂമിയുടെ അളവനുസരിച്ചാണ് ഓരോരുത്തർക്കും നഷ്ടപരിഹാരം കൊടുക്കുന്നതെന്നും വയനാട് ജില്ലയിൽ നഷ്ടപരിഹാരമായി 197 ഹെക്ടർ ഭൂമി നൽകിയിട്ടുണ്ടെന്നും 230 പേർക്ക് ഒരു ഏക്കർ വീതവും 430 പേർക്ക് ഒരു ഏക്കർ തികയുന്നതിനാവശ്യമായ ബാലൻസ് ലാൻഡും കൊടുത്തിട്ടുണ്ടെന്നും ബാക്കിയുള്ള ജില്ലകളിൽ ടി.എൽ.എ. കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായും ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണർ വിശദമാക്കി.

മരിയനാട് എസ്റ്റേറ്റിലെ തൊഴിലാളി തർക്കം സംബന്ധിച്ച സമിതി ചോദ്യത്തിന് മരിയനാട് എസ്റ്റേറ്റിൽ തൊഴിലാളി തർക്കം നിലനിൽക്കുകയാണെന്നും 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരമായി നൽകാൻ സാധിക്കില്ലെന്നും അവർക്ക് ലഭിക്കേണ്ടതായ എല്ലാ

ആനുകൂല്യങ്ങളും നൽകിയിട്ടുള്ളതായും നഷ്ടപരിഹാര അലവൻസ് മാത്രം ബാക്കി നിൽക്കുന്നതായിട്ടുമാണ് വിശദപരിശോധനയിൽ കാണുന്നതെന്നും നഷ്ടപരിഹാര അലവൻസിനോടൊപ്പം ലേബർ ആക്ടിൽ പറയുന്നതിനേക്കാൾ കൂടുതൽ ഇന്ററസ്റ്റ് ചേർത്ത തുകയാണ് കണക്കാക്കിയിട്ടുള്ളതെന്നും നിയമപരമായി അവർക്ക് ലഭിക്കാൻ അർഹതയുള്ള പരമാവധി തുകയാണിതെന്നും ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണർ വിശദമാക്കി.

എസ്റ്റേറ്റ് സർവ്വേ നടത്താനുള്ള തടസ്സം മാറിയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ ആരംഭിച്ചോ എന്ന സമിതി ചോദ്യത്തിന് എല്ലാ ഭൂരഹിതരുടെയും ആധാർ നമ്പറടക്കം ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും 900 ഹെക്ടർ ഭൂമിയാണ് അവിടെ കയ്യേറിയിട്ടുള്ളതെന്നും കാപ്പിത്തോട്ടത്തിന്റെ ആദായം മുഴുവൻ കയ്യേറ്റക്കാർ തന്നെയാണ് എടുക്കുന്നതെന്നും ആ ഭൂമിയുടെ സർവ്വേ നടത്താൻ സാധിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥ അറിയിച്ചു.

അഞ്ച് ഏക്കറിൽ കൂടുതൽ ആദിവാസി ഭൂമി കൈവശം വച്ചുവരുന്ന കേസ്സുകൾ കൂടുതലും പാലക്കാട് ജില്ലയിലാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും പാലക്കാട് ജില്ലയിൽ ഇപ്പോൾ 186 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും അതിൽ 107 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും 45 കേസ്സുകളിൽ ഭൂമി പുന:സ്ഥാപിച്ചിട്ടുണ്ടെന്നും 13 കേസ്സുകൾ അപ്പീലായും 23 കേസ്സുകൾ കോടതിയിലും നിൽക്കുകയാണെന്നും രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞുവെന്നും കേസ്സുകളെല്ലാം തീർപ്പാക്കുന്ന പ്രക്രിയ മാത്രമേ ബാക്കിയുള്ളൂവെന്നും ഭൂമി കയ്യേറിയവർ അത് പലർക്കായി വീതിച്ചുകൊടുത്തതിനാൽ ഉടമസ്ഥരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നും ഉടമസ്ഥരിൽ ആരെങ്കിലും ഒബ്ജക്ഷൻ ഫയൽ ചെയ്യുമ്പോഴാണ് കേസ്സ് തീർപ്പാക്കാൻ ബുദ്ധിമുട്ട് നേരിടുന്നതെന്നും ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണർ വിശദമാക്കി.

5. <u>വാർഷികപ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കിക്കൊണ്ട് വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ</u>

1. പട്ടികവർഗ്ഗ വികസന വകുപ്പ് (2019-20, 2020-21, 2021-22)

2. വനിതാ-ശിശുവികസന വകുപ്പ് (2021-22)

പ്രസ്തുത കാലതാമസ പത്രികകൾ അംഗീകരിച്ചു

യോഗം ഉച്ചയ്ക്കുശേഷം 12.05-ന് അവസാനിച്ചു.

## 28-2-2024-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2024 ഫെബ്രുവരി 28-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.40-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദു പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. ആൻസലൻ
2. ശ്രീ. ചാണ്ടി ഉമ്മൻ
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എം. നൗഷാദ്
5. ശ്രീമതി ശാന്തകുമാരി കെ.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം :

ശ്രീ. ഒ. ആർ. കേളു.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വിജയ് അമൃത്‌രാജ് എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
2. ഡോ. എസ്. ബിന്ദു, ഡയറക്ടർ, കിർത്താഡ്സ്
3. ശ്രീമതി മേഘശ്രീ ഡി.ആർ., ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

4. ശ്രീ. കെ. ഗോപാലകൃഷ്ണൻ, ഡയറക്ടർ, പട്ടികജാതി പിന്നാക്ക വിഭാഗ വികസന വകുപ്പ്
5. ശ്രീ. പി. വി. ജയൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി എസ്. ലത, അഡീഷണൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്
7. ശ്രീമതി ഡി. ലീന ലിറ്റി, രജിസ്ട്രാർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ
8. ശ്രീമതി എം. സ്വപ്ന, ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
9. ശ്രീ. എൻ. ഓമനക്കുട്ടൻ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീ. ശ്രീരാജ് എസ്. എസ്., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീമതി അഞ്ജന എം., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ
12. ശ്രീ. ജി. സിദ്ധാർത്ഥൻ, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്
13. ശ്രീമതി പ്രീതി ജോസഫ്, ജനറൽ മാനേജർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ
14. ശ്രീ. എസ്. രാജേഷ്, അഡീഷണൽ രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ
15. ശ്രീ. നിഷാദ് എസ്. ആർ., റീജണൽ മാനേജർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ
16. ശ്രീമതി രാഖി പി. ആർ., സീനിയർ സൂപ്രണ്ട്, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ
17. ശ്രീ. കൃഷ്ണകുമാർ സി. കെ., ഫിനാൻസ് ഓഫീസർ, പട്ടികവർഗ്ഗ വികസന വകുപ്പ്
18. ശ്രീ. പ്രകാശൻ എം. പി., ഫിനാൻസ് ഓഫീസർ, കിർത്താഡ്സ്, കോഴിക്കോട്
19. ശ്രീമതി ബീന റാണി എസ്., അക്കൗണ്ട്സ് ഓഫീസർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ/ പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

**പട്ടികജാതി വികസന വകുപ്പ്**

2225-01-277-53-12—<u>പോസ്റ്റ്മെട്രിക് സ്റ്റുഡന്റ്സിനുള്ള അധിക സംസ്ഥാന സഹായം</u>

പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്രത്തിൽനിന്നും 100 ശതമാനം വിഹിതം ലഭിക്കാനുള്ളത് ഇപ്പോൾ 60 ശതമാനമായെന്നും 40 ശതമാനം സംസ്ഥാന സർക്കാരാണ് നൽകി വരുന്നതെന്നും കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപവരെയുള്ള ഒന്നേകാൽ ലക്ഷം കുട്ടികൾക്ക് കേന്ദ്ര സർക്കാർ ധനസഹായം നൽകുമ്പോൾ സംസ്ഥാന സർക്കാർ വരുമാന പരിധിയില്ലാതെയാണ് ധനസഹായം നൽകുന്നതെന്നും കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുട്ടികൾക്കും സംസ്ഥാന സർക്കാർ ധനസഹായം നൽകുന്നുണ്ടെന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക കൊണ്ടുമാത്രം സംസ്ഥാന സർക്കാരിന് ഈ ധനസഹായം കൊടുക്കാൻ സാധിക്കില്ല എന്നും ഇപ്പോൾ കേന്ദ്ര സർക്കാർ ഫണ്ട് ട്രാൻസ്ഫറിന്റെ മാനദണ്ഡം മാറ്റിയിട്ടുണ്ടെന്നും നേരത്തെ കുട്ടികൾക്ക് നേരിട്ട് ധനസഹായം നൽകുകയും അവരാണ് സ്ഥാപനങ്ങൾക്ക് തുക കൊടുക്കുകയും ചെയ്തിരുന്നതെന്നും എന്നാലിപ്പോൾ കുട്ടികൾക്ക് നേരിട്ട് ധനസഹായം നൽകാതെ സ്ഥാപനങ്ങൾക്ക് തുക കൊടുക്കണമെന്നാണെന്നും സ്ഥാപനത്തിന് തുക ലഭിക്കാത്തതു കൊണ്ട് അവർ കോടതിയിൽ കേസ്സ് ഫയൽ ചെയ്യുന്നുവെന്നും കൂടുതൽ ഫണ്ട് ലഭിച്ചില്ലെങ്കിൽ സ്ഥാപനങ്ങൾക്ക് തുക കൊടുക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും കൂടാതെ രണ്ടര ലക്ഷത്തിനുമുകളിൽ കുടുംബ വാർഷിക വരുമാനമുള്ള കുട്ടികൾക്ക് സംസ്ഥാനമാണ് ധനസഹായം നൽകുന്നതെന്നും മൂന്ന് മാസത്തിനകം സ്ഥാപനങ്ങൾക്ക് നൽകാനുള്ള തുക കൊടുക്കാമെന്ന് ഹൈക്കോടതി വിധിയുണ്ടെന്നും മൂന്ന് മാസത്തെ കാലാവധി മതിയാകില്ലെന്നുപറഞ്ഞ് സുപ്രീംകോടതിയിൽ പോയപ്പോൾ ഒരാഴ്ചയ്ക്കകം തുക കൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണെന്നും ഉദ്യോഗസ്ഥർ വിശദമാക്കി.

കേന്ദ്ര ധനസഹായം ലഭിക്കാത്തതുകൊണ്ടാണ് സ്ഥാപനങ്ങൾക്ക് തുക കൊടുക്കാൻ സാധിക്കാത്തതെന്ന് കോടതിയെ അറിയിക്കുവാൻ സമിതി നിർദ്ദേശം നൽകി.

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അധികമായി ആവശ്യപ്പെട്ട 75 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-01-277-54—<u>പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണ ചെലവുകൾ</u>

പാലക്കാട് മെഡിക്കൽ കോളേജിന്റെ ശമ്പളം ഉൾപ്പെടെയുള്ള ഭരണ നിർവ്വഹണ ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതമായി നിലവിൽ അനുവദിച്ചിട്ടുള്ള 1000 രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 48 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-01-282-96-34-3—ആരോഗ്യ സുരക്ഷാ പദ്ധതി - മറ്റ് ചെലവുകൾ – മറ്റിനം

2023-24 സാമ്പത്തിക വർഷത്തെ ചികിത്സാ ധനസഹായവും ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായവും നൽകാനുണ്ടെന്നും 2024-25 വർഷത്തെ ധനസഹായവും അനുവദിക്കേണ്ടതാണെന്നും പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്നും പട്ടികജാതി പിന്നാക്കവിഭാഗ വികസന വകുപ്പ് ഡയറക്ടർ വിശദമാക്കി.

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-01-283-89—ഭാഗികമായി നിർമ്മിച്ച വീടുകളുടെ നിർമ്മാണം, ജീർണ്ണിച്ച വീടുകളുടെ നവീകരണം, പഠനമുറി നിർമ്മാണം

പഠനമുറി പദ്ധതി, സേഫ് പദ്ധതി, ഭവന പൂർത്തീകരണ പദ്ധതി തുടങ്ങിയവയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

പട്ടികജാതി വികസന വകുപ്പ് മുഖേന ഏകദേശം അറുപതിനായിരം ജനറൽ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് ശരാശരി 30 കോടി രൂപ പ്രതിവർഷം ആവശ്യമാണെന്നും കഴിഞ്ഞ ആറേഴുവർഷമായി പ്രസ്തുത ശീർഷകത്തിൽ 16 കോടി രൂപയാണ് അനുവദിക്കുന്നതെന്നും 2018-19 മുതൽ 2022-23 സാമ്പത്തിക വർഷം വരെയുള്ള സ്കോളർഷിപ്പ് കുടിശ്ശികയിനത്തിൽ 57 കോടി രൂപ വിതരണം ചെയ്യാനുണ്ടെന്നും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 41 കോടി രൂപ അധികമായി അനുവദിക്കണമെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

പ്രസ്തുത വിഷയം പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്തതാണെന്നും കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഇതര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാനാണ് ഈ സ്കീം കൊണ്ടുവന്നതെന്നും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ച

ഘട്ടത്തിൽ ബഡ്ജറ്റ് പ്രൊവിഷൻ വർദ്ധിപ്പിക്കാത്തതിനാൽ കുടിശ്ശിക വർദ്ധിച്ചുവെന്നും അത് കൊടുത്തുതീർക്കുന്നതിന് 41 കോടി രൂപ അധികമായി വേണ്ടിവരുമെന്നും നിലവിൽ ലഭിക്കുന്ന ബഡ്ജറ്റ് വിഹിതം 16 കോടി രൂപയാണെന്നും സമിതി ചെയർമാൻ വിശദമാക്കി.

പ്രസ്തുത ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 41 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-102-94—പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായമാണിതെന്നും വർഷംതോറും വിവാഹ ധനസഹായത്തിനുള്ള അപേക്ഷകൾ വർദ്ധിച്ചുവരുന്നുണ്ടെന്നും പെൺകുട്ടിയുടെ അച്ഛനോ അമ്മയോ ആരെങ്കിലും ഒരാൾ മരണപ്പെടുകയാണെങ്കിൽ ഒരു ലക്ഷം രൂപയും രണ്ടുപേരും മരണപ്പെട്ടാൽ ഒന്നരലക്ഷം രൂപയുമാണ് നൽകിവരുന്നതെന്നും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ വിശദമാക്കി.

നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-102-76—ഗോത്രവാത്സല്യനിധി

പെൺകുട്ടികൾക്കുവേണ്ടി എൽ.ഐ.സി. മുഖേന നടപ്പിലാക്കിവരുന്ന ഒരു ഇൻഷ്വറൻസ് സ്കീമാണിതെന്നും പ്രസ്തുത പദ്ധതി പുതിയ രീതിയിൽ നടപ്പിലാക്കുന്നതിന് അധിക തുക ആവശ്യമായിവരുമെന്നും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന പദ്ധതിയാണിതെന്നും ജില്ലാ ഓഫീസുകളിലെ 200 അപേക്ഷകൾക്ക് ധനസഹായം നൽകാനുണ്ടെന്നും നിലവിലുള്ള

ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ വിശദമാക്കി.

നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-94-00-34-3—ഗിരിവർഗ്ഗ ഹോസ്റ്റൽ - മറ്റ് ചെലവുകൾ - മറ്റിനം

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളുടെ ചെലവുകൾ വഹിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-49-06—ആശ്രമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ്

നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുറ്റിച്ചൽ സി.ബി.എസ്.ഇ. മോഡൽ റെസിഡൻഷ്യൽ സ്കൂൾ കെട്ടിടത്തിന്റെ പ്രതിമാസ വാടക 2 ലക്ഷം രൂപയാണെന്നും കഴിഞ്ഞ 12 മാസത്തെ വാടക കുടിശ്ശിക നൽകാനുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 37 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-49-34—<u>ആശ്രമം സ്കൂൾ / മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ് - മറ്റ് ചെലവുകൾ</u>

മോഡൽ റസിഡൻഷ്യൽ സ്കൂളുടെ ദൈനംദിന ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-47-06—<u>വ്യവസായ പരിശീലന കേന്ദ്രങ്ങൾ - വാടക, കരം, നികുതി</u>

കുട്ടമല വി.ടി.സി. കെട്ടിടത്തിന് വാടകകുടിശ്ശികയിനത്തിൽ നൽകാനുള്ള തുക കൊടുത്തുതീർക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-46-06—<u>ഉൽപ്പാദക പരിശീലന കേന്ദ്രങ്ങൾ - വാടക, കരം, നികുതി</u>

ചേന്നൻപാറ പി.സി.ടി.സി. കെട്ടിടത്തിന് വാടകകുടിശ്ശികയിനത്തിൽ നൽകാനുള്ള തുക കൊടുക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-40-03—<u>വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവും ധനസഹായവും-സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള ധനസഹായം</u>

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-35—<u>പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ</u>

വിദ്യാവാഹിനി, സാമൂഹ്യ പഠനമുറി, മോഡൽ പ്രീ സ്കൂൾ തുടങ്ങിയ ഘടകങ്ങളാണ് ഈ ശീർഷകത്തിലുൾപ്പെടുന്നതെന്നും നിലവിൽ 364 സാമൂഹ്യ പഠനമുറികളാണ് കേരളത്തിലുള്ളതെന്നും വിദ്യാവാഹിനി പദ്ധതി പ്രകാരം 24000 കുട്ടികളെയാണ്

സ്കൂളുകളിലേക്ക് കൊണ്ടുപോകുന്നതെന്നും അതിനുവേണ്ടി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 3425 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

വിദ്യാവാഹിനി, സാമൂഹ്യ പഠനമുറി, മോഡൽ പ്രീ സ്കൂൾ തുടങ്ങിയവയ്ക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 34.25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-32—<u>വയനാട് ഗോത്രഭാഷാ കലാപഠന കേന്ദ്രം</u>

ഗോത്രഭാഷാപഠന കേന്ദ്രത്തിനുവേണ്ടി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-29-02-12—<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - സംസ്ഥാന വിഹിതം - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ കുടിശ്ശിക നൽകുന്നതിനും 2023-24 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 42.98 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-282-92—<u>അരിവാൾ രോഗത്തിനുള്ള ധനസഹായം</u>

അരിവാൾ രോഗികൾക്കുള്ള ധനസഹായം എന്ന ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 27 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-800-92—<u>ട്രൈബൽ ബോർഡിലെ അംഗങ്ങൾക്കുള്ള യാത്രാച്ചെലവ്</u>

പട്ടികവർഗ്ഗ ഉപദേശക സമിതി അംഗങ്ങളുടെ യാത്രാബത്ത അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-800-68-01—<u>അതിക്രമം തടയുന്നതിനുവേണ്ടിയുള്ള സ്കീം നടപ്പാക്കൽ</u>

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണിതെന്നും സെൻട്രലി സ്പോൺസേർഡ് സ്കീമിനോടൊപ്പം സ്റ്റേറ്റ് ഷെയറുംകൂടി വച്ചിട്ടാണ് ഇത് നടപ്പിലാക്കിവരുന്നതെന്നും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 155 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ വിശദമാക്കി.

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം നടപ്പിലാക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-800-68-02—<u>അതിക്രമം തടയുന്നതിനുവേണ്ടിയുള്ള സ്കീം നടപ്പാക്കൽ</u>

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-102-76—<u>പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്രവാത്സല്യനിധി)</u>

2225-02-277-32—<u>വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം</u>

2225-02-277-29—<u>മെട്രിക്കുലേഷന് ശേഷമുള്ള സ്കോളർഷിപ്പുകൾ</u>

2225-02-198-50—<u>വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

പ്രസ്തുത ശീർഷകത്തിൽ ആവർത്തിച്ചുവന്നതിനാൽ അവ ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

കേരള പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർത്താഡ്സ്)

2225-02-800-56—ആദികലാഗ്രാമം

2024-25 സാമ്പത്തിക വർഷത്തേയ്ക്ക് സമർപ്പിച്ചിരുന്ന 102 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾക്കുവേണ്ടി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-001-95—കിർത്താഡ്സ് - ഗവേഷണവും പരിശീലനവും

2024-25 സാമ്പത്തിക വർഷത്തേക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 8.35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-80-001-99-04-1—കിർത്താഡ്സ് യാത്രാ ചെലവുകൾ - യാത്രാബത്ത

പട്ടികജാതി, പട്ടികവർഗ്ഗ സമുദായക്കാരുടെ ഉന്നമനത്തിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് സംസ്ഥാനമൊട്ടാകെ യാത്ര ചെയ്യേണ്ടതുള്ളതിനാൽ അവരുടെ യാത്രാ ചെലവുകൾക്കും യാത്രാ ബത്തയ്ക്കുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 8.2826 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-80-001-99-05-2—കിർത്താഡ്സ് ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുവേണ്ടി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-80-001-99-05-3—കിർത്താഡ്സ് ഓഫീസ് ചെലവുകൾ – ടെലഫോൺ ചെലവ്

ടെലഫോൺ ചാർജ്ജിന്റെയും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷന്റെയും തുക അടയ്ക്കുന്നതിനുവേണ്ടി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 39000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-80-001-99-05-4—<u>കിർത്താഡ്സ് ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ</u>

കിർത്താഡ്സിലെ ഓഫീസ് ചെലവുകളും മറ്റും നിർവ്വഹിക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-80-001-99-21-2—<u>കിർത്താഡ്സ് മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റ പ്പണികളും</u>

കിർത്താഡ്സ് എല്ലാവർഷവും സംസ്ഥാനത്തെ പട്ടികവിഭാഗക്കാർക്കായി വിവിധ പരിശീലന ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ വാഹനങ്ങൾ യാത്രകൾക്കായി ഉപയോഗിക്കുന്നതിനാൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവിലേക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 76,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-80-001-99-45—<u>കിർത്താഡ്സ് - പി.ഒ.എൽ.</u>

കിർത്താഡ്സ് എല്ലാവർഷവും സംസ്ഥാനത്തെ പട്ടികവിഭാഗക്കാർക്കായി വിവിധ പരിശീലന ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായുള്ള യാത്രകൾക്കായി ഉപയോഗിച്ചുവരുന്ന വാഹനങ്ങളുടെ ഇന്ധന ചെലവിലേയ്ക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-80-001-99-26—<u>കിർത്താഡ്സ് - ഔദ്യോഗിക ഭാഷാ പ്രയോഗം</u>

ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരളത്തിൽ ജാതിപരമായ ധാരാളം പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ടെന്നും തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽനിന്നും കേരളത്തിലേക്ക് വരുന്ന കുടിയേറ്റക്കാർക്ക് ജാതി സംബന്ധിച്ച് ശരിയായിട്ടുള്ള പ്രൂഫ് ഹാജരാക്കാൻ

കഴിയാത്തതുകൊണ്ട് അവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്ഥിതിവിശേഷം നിലവിലുണ്ടെന്നും 1950 കൾക്ക് മുമ്പ് ഇത്തരത്തിൽ താമസമാക്കിയ നിരവധിയാളുകൾ ഉണ്ടെന്നും അവർ ശരിക്കും പട്ടികജാതിയോ പട്ടികവർഗ്ഗമോ ആണെങ്കിലും രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതിനാൽ അവർക്ക് ആനുകൂല്യം ലഭിക്കുന്നില്ലെന്നും പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി കിർത്താഡ്സിന് നിർദ്ദേശം നൽകി.

2225-80-001-99-99—കിർത്താഡ്സ് - വിവര സാങ്കേതിക വിദ്യ

കിർത്താഡ്സിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും സോഫ്റ്റ്‌വെയറുകൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.99 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ**

2225-80-800-96-31—പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ സഹായ ധനം - ശമ്പളം

കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പളയിനത്തിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 2.5947 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-80-800-96-36—പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ സഹായധനം - ശമ്പളതേരം

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 63.90 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

2225-03-102-94

4225-03-102-99— കുംഭാര കോളനികളുടെ വികസനം

2024-25 വർഷത്തിൽ പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന 6 കോളനികളുടെ വികസനം ലക്ഷ്യമിടുന്നതുകൊണ്ട് ബഡ്ജറ്റിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-03-277-99-12—മെട്രിക്കുലേഷനശേഷമുള്ള പഠനങ്ങൾ- സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

2023-24 വർഷം വരെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളുടെ കുടിശ്ശികയിനത്തിൽ 600 കോടി രൂപ കൊടുക്കാനുള്ളതിനാലും ഏകദേശം 5,68,000 കുട്ടികൾക്ക് ഈ വർഷം ആനുകൂല്യം നൽകേണ്ടതായിട്ടുള്ളതിനാലും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 500 കോടി രൂപ അധികമായി അനുവദിക്കണമെന്ന് പിന്നാക്കവിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

2021 മാർച്ച് 31-വരെ എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള ആനുകൂല്യം നൽകുന്നതിൽ ആകെ കുടിശ്ശികയുണ്ടായിരുന്നത് 632 കോടി 99 ലക്ഷം രൂപയായിരുന്നെന്നും ആയത് നാളതീകരിക്കാൻ സാധിക്കാതിരുന്നതിനാൽ 2023-24 വർഷത്തിൽ കുടിശ്ശിക വർദ്ധിച്ചുവെന്നും അതിനനുസരിച്ച് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും കൂടാതെ അഡീഷണലായിട്ടുള്ള കോഴ്സുകൾക്ക് അംഗീകാരം കൊടുത്തതുകൊണ്ട് ആ കുട്ടികൾക്കും ആനുകൂല്യം കൊടുക്കേണ്ടതായി വന്നു എന്നും സമിതി ചെയർമാൻ വിശദമാക്കി.

പ്രസ്തുത പദ്ധതിയിൽ കുറച്ചുകൂടി മാറ്റം വരുത്തിയിട്ടുണ്ടെന്നും പ്ലാൻ ഫണ്ടിൽ 100 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും കൂടുതൽ ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി.

അപേക്ഷ നൽകുന്നത് ഓൺലൈൻ വഴിയായതുകൊണ്ട് കോഴ്സ് പൂർത്തിയാക്കി പോയവരും അപേക്ഷ നൽകിയത് കുറെയധികം ബാധ്യതകൂടാൻ കാരണമായെന്നും കോഴ്സ് സമയത്തുതന്നെ ആനുകൂല്യത്തിനുവേണ്ടി അപേക്ഷ കൊടുക്കേണ്ടതാണെന്നും ഓൺലൈൻ സിസ്റ്റം വന്നതോടെ കോഴ്സുകഴിഞ്ഞ് പോയാലും അപേക്ഷ നൽകിയാൽ മൂന്നുവർഷത്തെ തുക ഒരുമിച്ച് കിട്ടുന്നതാണെന്നും അത്തരത്തിൽ കുറച്ച് പേർക്ക് തുക ഒരുമിച്ച് കൊടുത്തിട്ടുണ്ടെന്നും അതിനുശേഷം ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ അങ്ങനെ തുക നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും ചെയർമാൻ വിശദമാക്കി. നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 500 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-03-800-81—<u>ഒ.ബി.സി.യ്ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്</u>

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4225-03-190-99—<u>പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്കും പട്ടികജാതിയിലേക്ക് ശിപാർശ ചെയ്യപ്പെട്ട-വർക്കുമായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ</u>

കോർപ്പറേഷൻ 2024-25 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ജനവിഭാഗങ്ങൾക്കായുള്ള ക്ഷേമ/സാമൂഹ്യ വികസന പദ്ധതികളും വായ്പാ പദ്ധതികളും നടപ്പിലാക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 23.71 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4225-03-190-98—<u>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ</u>

ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെയാണ് കോർപ്പറേഷൻ മറ്റ് പിന്നാക്ക വിഭാഗത്തിനുതകുന്ന പരിപാടികൾ നടപ്പിലാക്കുന്നതെന്നും ദേശീയ ഏജൻസികളുടെ പദ്ധതികൾക്ക് ആനുപാതിക വിഹിതം കണ്ടെത്തുന്നതിനും തനത് പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള മൂലധന സഹായമാണിതെന്നും കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലും ബഡ്ജറ്റ് വിഹിതമായി 16 കോടി രൂപ വീതം വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും റിലീസ് ചെയ്ത് കിട്ടിയിട്ടില്ലായെന്നും ദേശീയ ഏജൻസികളിൽനിന്നും ലഭിക്കുന്ന തുകയ്ക്ക് 10 ശതമാനം ആനുപാതിക വിഹിതം കോർപ്പറേഷനാണ് നൽകേണ്ടതെന്നും കഴിഞ്ഞ രണ്ട് വർഷങ്ങളിലും ഓൺ ഫണ്ടിൽനിന്ന് കൊടുക്കുന്നതുകൊണ്ട് മൂലധന അപര്യാപ്തത വരുമെന്നും 200 കോടി രൂപയുടെ ആതറൈസ് ക്യാപിറ്റലുള്ള കമ്പനിയാണെന്നും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 61 കോടി രൂപ അധികമായി അനുവദിക്കണമെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ജനറൽ മാനേജർ അറിയിച്ചു.

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 61 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4225-03-190-97—കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ – ഷെയർക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ

പരമ്പരാഗത കളിമൺപാത്ര നിർമ്മാണ ജനവിഭാഗത്തിനുവേണ്ടി കോർപ്പറേഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതികളായ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പഠന വായ്പ, വിവാഹ വായ്പ, വാഹന വായ്പ, ഭവന അറ്റകുറ്റപ്പണികൾക്കുള്ള വായ്പ തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 3.20 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ആറ്റുകാൽ പൊങ്കാല പ്രമാണിച്ച് ഏകദേശം രണ്ടുലക്ഷം രൂപയുടെ മൺപാത്ര കച്ചവടം നടന്നിട്ടുണ്ടെന്നും കളിമൺ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി www.mankural.com. എന്ന ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം ഇപ്പോൾ ആരംഭിച്ചിട്ടുണ്ടെന്നും ഓൺലൈൻ ബുക്കിംഗും ഡെലിവറിയും ലഭ്യമാണെന്നും പാലക്കാടുവരെ മൺപാത്രങ്ങൾ ഇത്തരത്തിൽ കൊടുത്തിട്ടുണ്ട്. നിലവിൽ വളരെ ചുരുങ്ങിയ സ്കീമുകളാണുള്ളത്. വിപണനത്തിനും നിർമ്മാണത്തിനുമായി രണ്ട് സ്കീമുകളും ഒരു ഗ്രൂപ്പ് ലോണും മാത്രമേ കോർപ്പറേഷൻ നൽകുന്നുള്ളുവെന്നും ആയത് വിപുലീകരിക്കാനും മൺപാത്ര നിർമ്മാണം ആ ജനവിഭാഗത്തിലേയ്ക്കെത്തിക്കാനുമാണ് കോർപ്പറേഷൻ ശ്രമിക്കുന്നതെന്നും സമിതിയുടെ വിവിധ ചോദ്യങ്ങൾക്ക് മറുപടിയായി ഉദ്യോഗസ്ഥർ അറിയിച്ചു.

2225-03-800-99-35—പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ

പിന്നാക്ക വിഭാഗ കമ്മീഷന് പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമില്ല എന്ന് ഉദ്യോഗസ്ഥൻ അറിയിച്ചു.

പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരിക്കുന്നത് ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.40-ന് അവസാനിച്ചു.

## 28-2-2024-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2024 ഫെബ്രുവരി 28-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് നിയമസഭാ സമുച്ചയത്തിലെ '5 എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ

എക്സ് - ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവും പ്രത്യേക ക്ഷണിതാവായി ആരോഗ്യ-വനിത ശിശുവികസന വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്ജും (വീഡിയോ കോൺഫറൻസിംഗ് മുഖേന) പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. കെ. ആൻസലൻ
2. ശ്രീ. ചാണ്ടി ഉമ്മൻ
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എം. നൗഷാദ്
5. ശ്രീമതി ശാന്തകുമാരി കെ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം

ശ്രീ. ഒ. ആർ. കേളു.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. പുനീത് കുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
2. ശ്രീ. സന്തോഷ് കുമാർ ടി. കെ., അഡീഷണൽ സെക്രട്ടറി, വനിത ശിശുവികസന വകുപ്പ്.
3. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
4. ശ്രീ. ജി. ഹരികുമാർ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
5. ശ്രീ. പി. വി. ജയൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
6. ശ്രീമതി ദീപ ശിവദാസൻ, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
7. ശ്രീമതി ഹരിത വി. കുമാർ, ഡയറക്ടർ, വനിത ശിശുവികസന വകുപ്പ്.
8. ശ്രീ. എച്ച്. ദിനേശൻ, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.

9. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്.

10. ക്യാപ്റ്റൻ വിനോദ് മാത്യു, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്.

11. ശ്രീ. ജോയി സി. കതിലങ്കൽ, രജിസ്ട്രാർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഇക്കോണമിക്കലി ബാക്ക്‌വേർഡ് ക്ലാസ്സസ് എമംഗ് ഫോർവേർഡ് കമ്മ്യൂണിറ്റീസ്.

12. ശ്രീമതി ബിന്ദു ഗോപിനാഥ്, അസിസ്റ്റന്റ് ഡയറക്ടർ, വനിത ശിശുവികസന വകുപ്പ്.

13. ശ്രീമതി അനിറ്റി എസ്. ലിൻ, അസിസ്റ്റന്റ് ഡയറക്ടർ, വനിത ശിശുവികസന വകുപ്പ്.

14. ശ്രീ. എം. കെ. വിനോദ് കുമാർ, ഡി.ഐ.ജി., പ്രിസൺസ് (എച്ച്.ക്യു.)

15. ശ്രീമതി ജയശ്രീ ടി. കെ., സെക്രട്ടറി, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ്.

16. ശ്രീമതി ദേവി എൽ. ആർ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ്.

17. ശ്രീ. കെ. മൊയ്തീൻകുട്ടി മാനേജിംഗ് ഡയറക്ടർ, ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ.

18. ശ്രീ. എം. കെ. സിനുകുമാർ, മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്.

19. ശ്രീമതി സോണിയ വാഷിംഗ്ടൺ, മെമ്പർ സെക്രട്ടറി, സംസ്ഥാന വനിതാകമ്മീഷൻ.

20. ശ്രീ. മനോജ് എം. എസ്., അണ്ടർ സെക്രട്ടറി, വനിത ശിശുവികസന വകുപ്പ്.

21. ശ്രീ. എൻ. ഓമനക്കുട്ടൻ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.

22. ശ്രീ. ശ്രീരാജ് എസ്. എസ്., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.

23. ശ്രീമതി ബിന്ദുമോൾ തോമസ്, അണ്ടർ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

24. ശ്രീമതി ജയലക്ഷ്മി ടി. എം., സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി ഡയറക്‌ടേറ്റ്.

25. ശ്രീ. രാജേഷ് പ്രകാശ്, ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഇക്കോണമിക്കലി ബാക്ക്‌വേർഡ് ക്ലാസസ് എമംഗ് ഫോർവേർഡ് കമ്മ്യൂണിറ്റീസ്.

26. ശ്രീമതി ഷീല നെൽസൺ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, നിർഭയ സെൽ, വനിത ശിശുവികസന വകുപ്പ്.

27. ശ്രീമതി ആശ എസ്., പ്രോജക്റ്റ് മാനേജർ, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ.

സമിതി 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

<u>സാമൂഹ്യനീതി വകുപ്പ്</u>

2235-60-200-72-02—<u>കേരള സാമൂഹ്യ സുരക്ഷാമിഷൻ - ശാരീരിക/ മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽത്തന്നെ കഴിയേണ്ടവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസകിരണം)</u>

ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 600 രൂപ വീതം നൽകുന്ന പ്രസ്തുത സഹായ പദ്ധതിയിൽ പുതുതായി ലഭിച്ച 58,500 അപേക്ഷകൾക്ക് 2024-25 വർഷം ധനസഹായം നൽകേണ്ടതിനാലും 2018-നുശേഷം ലഭിച്ച അപേക്ഷകർക്ക് ധനസഹായം കൊടുക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും നിലവിലുള്ള ബഡ്ജറ്റ് വിഹിതമായ 50 കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ, കുടിശ്ശികത്തുക പൂർണ്ണമായും കൊടുത്തുതീർക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ 46,46,59,600 രൂപകൂടി അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-60-200-72-07—<u>വയോമിത്രം</u>

6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 5 ബ്ലോക്കുകളിലും നിലവിൽ നടപ്പിലാക്കിയിരിക്കുന്ന വയോമിത്രം പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷത്തിൽ മരുന്ന് വാങ്ങിയ വകയിൽ കെ. എം. എസ്. സി. എൽ.-ന് 10 കോടി രൂപ കുടിശ്ശിക നൽകാനുള്ളതായും നിലവിലെ ബഡ്ജറ്റ് വിഹിതമായ 2750 ലക്ഷം രൂപ പൂർണ്ണമായും 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവുകൾക്ക് ആവശ്യമുള്ളതായും മനസ്സിലാക്കിയ സമിതി കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2235-02-104-89—<u>അനാഥാലയ നിയന്ത്രണ ബോർഡ്</u>

2024-25 വർഷത്തെ ബഡ്ജറ്റിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ശമ്പള ഇനത്തിൽ അനുവദിച്ചിട്ടുള്ള 32,17,000 രൂപയും ശമ്പളേതര ഇനത്തിൽ അനുവദിച്ചിട്ടുള്ള 10,50,000 രൂപയും അപര്യാപ്തമായതിനാൽ ശമ്പള ഇനത്തിൽ 85,81,000 രൂപയും ശമ്പളേതര ഇനത്തിൽ 13,98,000 രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ 99,79,000 രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-101-89—<u>ഭിന്നശേഷിക്കാർക്ക് വേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം</u>

പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ വർഷവും ജില്ലാ പഞ്ചായത്തിന് ഫണ്ട് നൽകിയിട്ടുണ്ടെന്നും ജില്ലാ സാമൂഹ്യനീതി ഓഫീസിൽനിന്നാണ് ജില്ലാ പഞ്ചായത്തിലേക്കും കോർപ്പറേഷനിലേക്കും മുനിസിപ്പാലിറ്റിയിലേക്കും ഫണ്ട് നൽകുന്നതെന്നും അവിടെനിന്നാണ് എല്ലാ സ്ഥാപനങ്ങൾക്കും തുക നൽകുന്നതെന്നും 29 പി.എച്ച്. ഹോമുകൾക്ക് ഗ്രാന്റ് നൽകുന്നുണ്ടെന്നും സമിതിയുടെ വിവിധ ചോദ്യങ്ങൾക്ക് മറുപടിയായി ഉദ്യോഗസ്ഥൻ അറിയിച്ചു.

ജില്ലാ പഞ്ചായത്തുകൾക്ക് പണം നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പ്രസ്തുത ശീർഷകത്തിൽ പി.എച്ച്. ഹോമുകൾക്ക് 2024-25 സാമ്പത്തിക വർഷത്തെ ഗ്രാന്റ് പൂർണ്ണമായും കൊടുത്തുതീർക്കുന്നതിന് ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 83,88,000 രൂപയും മുനിസിപ്പാലിറ്റി ശീർഷകത്തിൽ 10,40,000 രൂപയും ഉൾപ്പെടെ ആകെ 94.28 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-104-97—<u>സംരക്ഷണ കേന്ദ്രങ്ങൾ (നോൺ പ്ലാൻ)</u>

2024-25 സാമ്പത്തിക വർഷത്തെ സംരക്ഷണ കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ് മുഴുവൻ കൊടുത്തുതീർക്കുന്നതിന് ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 20,72,000 രൂപയും മുനിസിപ്പാലിറ്റി ശീർഷകത്തിൽ 15,87,000 രൂപയും കോർപ്പറേഷൻ ശീർഷകത്തിൽ 23,40,000 രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ 60,03,000 രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-107-98-36—സന്നദ്ധസംഘടനകൾക്കുള്ള സഹായം - സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ - സഹായധനം-ശമ്പളേതരം

2024-25 സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്ക് ഗ്രാന്റ് പൂർണ്ണമായും നൽകുന്നതിന് ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 1,08,73,000 രൂപയും മുനിസിപ്പാലിറ്റി ശീർഷകത്തിൽ 1,70,90,000 രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ 2,79,63,000 രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-800-98—മിശ്ര വിവാഹങ്ങൾ

2024-25 സാമ്പത്തിക വർഷത്തേക്ക് മിശ്രവിവാഹിതരായ ദമ്പതികൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടി വകയിരുത്തിയ തുക അപര്യാപ്തമായതിനാലും 2017 മുതൽ 2023 മാർച്ച് 31 വരെ പെൻഡിംഗുള്ള 4753 അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ 14,25,90,000 രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-190-98—കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 115 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## വനിത ശിശുവികസന വകുപ്പ്

2235-02-102-36-01—കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്തം (ഒ.ആർ.സി)

കുട്ടികൾ സാമൂഹ്യവിരുദ്ധ പെരുമാറ്റത്തിലേക്ക് പോകുന്നത് തടയാനായി സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തുന്ന പ്രസ്തുത പദ്ധതിക്കായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-102-36-02—<u>കാവൽ, കരുതൽ, ശരണബാല്യം, ഭദ്രം, മാർഗ്ഗജ്യോതി</u>

കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രസ്തുത പദ്ധതിക്കായി 10 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്താറുള്ളതെങ്കിലും ഈ വർഷം അത് 9 കോടി രൂപയായി കുറഞ്ഞിട്ടുള്ളതിനാൽ ടി തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2235-02-103-68—<u>വനിത വികസന പദ്ധതികൾ</u>

വനിത വികസന പദ്ധതികൾക്ക് കീഴിലുള്ള 23 നിർഭയ ഹോമുകളുടെയും പുതുതായി ആരംഭിക്കുന്ന തൃശ്ശൂർ സ്പെഷ്യൽ നീഡ് ഹോമിന്റെയും കണ്ടിജൻസി ചെലവുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി വകയിരുത്തിയിട്ടുള്ള 20.92 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-103-57—<u>ആക്രമണങ്ങളിൽനിന്ന് രക്ഷപെട്ടവർക്കുള്ള ആശ്വാസനിധി</u>

ലൈംഗിക കുറ്റകൃത്യങ്ങൾ, ആസിഡ് ആക്രമണങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അക്രമം തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 3 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-60-200-72-11—<u>കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്നേഹപൂർവ്വം</u>

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന ഈ പദ്ധതിപ്രകാരം 2022-23 അദ്ധ്യയന വർഷം അപേക്ഷിച്ചവരിൽ അർഹരായ 57187 കുട്ടികൾക്ക് 6 മാസത്തെ ധനസഹായം മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതിനാലും ടി കുട്ടികൾക്ക് ബാക്കിയുള്ള 4 മാസത്തെ ധനസഹായം 2023-24 സാമ്പത്തിക വർഷത്തെ ധനസഹായവും കൊടുക്കേണ്ടതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതമായ 17.39 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 25.61 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കൂടാതെ പ്രസ്തുത പദ്ധതിയിലേക്ക് കുട്ടികളെ സെലക്ട് ചെയ്യുമ്പോൾത്തന്നെ അവരെ ഒരു ഇൻഷ്വറൻസ് സ്കീമിലേക്ക് കൊണ്ടുവന്നാൽ ഭാവിയിൽ അവർക്ക് ഇൻഷ്വറൻസിന്റെ ആനുകൂല്യം ലഭിക്കുമെന്നതിനാലും ഈ കുട്ടികളെ നോക്കുന്ന ആളുകൾക്ക് എന്തെങ്കിലും അപകടം സംഭവിച്ചാൽ അവർക്ക് ക്ലെയിം ചെയ്യാൻ സാധിക്കുമെന്നതിനാലും വളരെ ചെറിയ പ്രീമിയം അടച്ചുകൊണ്ട് ഈ കുട്ടികളെ ഇൻഷ്വർ ചെയ്യാൻ കഴിഞ്ഞാൽ അവർക്ക് പഠനാവശ്യത്തിനുള്ള തുകയും ലഭിക്കുമെന്നതിനാലും ഇത്തരം കുട്ടികൾക്കുവേണ്ടി ഒരു ഇൻഷ്വറൻസ് സ്കീം കൊണ്ടുവരാൻ സാധിക്കുമോ എന്ന് പരിശോധിക്കുവാനും സമിതി നിർദ്ദേശിച്ചു.

4235-02-102-84—ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോമിന്റെ നിർമ്മാണം

ഇടുക്കി ജില്ലയിലെ ഒരു ചിൽഡ്രൻസ് ഹോം നിർമ്മാണത്തിനുവേണ്ടിയാണ് തുക ആവശ്യപ്പെടുന്നതെന്നും സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് ഇടുക്കി ജില്ലയിൽ നിലവിൽ ഗവൺമെന്റ് കെയർ ഹോം ഇല്ല എന്നും പകരം 46 എൻ.ജി.ഒ. ഹോമുകളാണുള്ളതെന്നും ഏകദേശം 1250 കുട്ടികൾ സി.ഡബ്ല്യൂ.സി.-യുടെ നിർദ്ദേശാനുസരണം എൻ.ജി.ഒ. ഹോമുകളിൽ താമസിക്കുന്നുണ്ടെന്നും ചിൽഡ്രൻസ് ഹോം നിർമ്മാണത്തിന് പി.ഡബ്ല്യൂ.ഡി. തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് അനുസരിച്ച് 5.455 കോടി രൂപയാണ് വേണ്ടിവരുന്നതെന്നും ഉദ്യോഗസ്ഥർ വിശദമാക്കി.

പ്രസ്തുത പ്രവൃത്തിക്കുവേണ്ടി നിലവിൽ വകയിരുത്തിയിരിക്കുന്ന 1 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5.445 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-001-90—വനിത ശിശുവികസന ഡയറക്ടറാഫീസ്

വനിത ശിശുവികസന ഡയറക്ടറേറ്റിലെ ഭരണപരമായ ചെലവുകൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 25.75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ധനസഹായം

വിധവകളുടെ കുട്ടികൾക്ക് ട്യൂഷൻ ഫീ, മെസ് ഫീ, ഹോസ്റ്റൽ ഫീ എന്നിവ വഹിച്ചു കൊണ്ട് ഉന്നത വിദ്യാഭ്യാസത്തിന് അവസരം കൊടുക്കുകയെന്ന ഉദ്ദേശത്തോടെ ആരംഭിച്ച

പദ്ധതിക്കായി നിലവിലെ ബഡ്ജറ്റ് വിഹിതമായ 48.40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10.1156 കോടി രൂപ അധികമായി ധനപുനഃവിനിയോഗം അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-103-52—ശ്രീമതി ദാക്ഷായണി വേലായുധൻ അവാർഡ്

ശ്രീമതി ദാക്ഷായണി വേലായുധന്റെ പേരിൽ ഈ വർഷം ആദ്യമായി അവാർഡ് കൊടുക്കുകയാണെന്നും നിലവിൽ ടോക്കൺ പ്രൊവിഷനായി 1000 രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും. അവാർഡ് തുകയും പ്രശസ്തി പത്രവും നൽകുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.09 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥ വിശദമാക്കി.

പ്രസ്തുത ശീർഷകത്തിൽ 1.09 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ് - അംശദാനം

സാമൂഹ്യക്ഷേമ ബോർഡ് കഴിഞ്ഞ വർഷം മുതൽ പ്രവർത്തിക്കുന്നില്ല എന്നും കേന്ദ്രം സാമൂഹ്യക്ഷേമ ബോർഡിന്റെ വിഹിതം പൂർണമായും നിർത്തലാക്കിയിട്ടുണ്ടെന്നും ബോർഡിൽ നിലവിൽ 16 പെൻഷൻകാരും 11 ജീവനക്കാരും നിലവിലുള്ളതിനാൽ വനിതാശിശു വികസന വകുപ്പിൽ നിന്നും പ്രസ്തുത ശീർഷകം ഒഴിവാക്കിയിട്ടില്ലെന്നും കഴിഞ്ഞ രണ്ട് വർഷങ്ങളായി ബാങ്കിലെ ബാലൻസ് തുക ഉപയോഗിച്ചാണ് ശമ്പളവും പെൻഷനും നൽകിവന്നതെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

കേന്ദ്ര സർക്കാർ വിഹിതം നിർത്തലാക്കിയപ്പോൾ തന്നെ ജീവനക്കാരെ മറ്റു ഓഫീസുകളിലേക്ക് മാറ്റാനുള്ള ശ്രമം നടത്തേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി ബോർഡുകളിലെയും കോർപ്പറേഷനുകളിലെയും ജീവനക്കാരെ മറ്റ് വകുപ്പുകളിലേക്ക് മാറ്റാൻ വ്യവസ്ഥ ഇല്ലായെന്നും ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ട് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകി.

2024-25 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.8193 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

2235-02-104-99—ശ്രീചിത്രാഹോം സഹായധനം

ശ്രീചിത്രാ ഹോമിൽ നിന്നും സൂപ്രണ്ടാണ് ഹാജരാകേണ്ടിയിരുന്നതെങ്കിലും ആരും എത്തി ചേർന്നിട്ടില്ല എന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ശ്രീചിത്രാ ഹോമിന്റെ കെട്ടിടങ്ങളെല്ലാം പഴക്കം ചെന്നതാണെന്നും കുട്ടികൾ പുറത്ത് പോകാനുള്ള സാദ്ധ്യതയുണ്ടെന്നും ചുറ്റുമതിലില്ല എന്നും ആരോഗ്യ വനിതാശിശു വികസന വകുപ്പ് മന്ത്രി വിശദമാക്കി.

ശ്രീചിത്രാ ഹോം വനിതാ ശിശുവികസന വകുപ്പിന്റെ കീഴിലുള്ളതാണെങ്കിലും വകുപ്പിന്റെ നിയന്ത്രണത്തിലല്ല എന്നും അതിന്റെ ചുമതലകൾ ജില്ലാ കളക്ടർക്കാണെന്നും വകുപ്പു മന്ത്രി വിശദമാക്കി.

ഈ ശീർഷകത്തിൽ 6149.55 ലക്ഷം രൂപയാണ് അധികമായി ആവശ്യപ്പെട്ടിരിക്കുന്നതെന്നും ഇത്രയും വലിയ തുക ആവശ്യപ്പെട്ടത് സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

പ്രസ്തുത ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട 6149.55 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-190-99—<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>

2023-24 സാമ്പത്തിക വർഷം അനുവദിച്ച 15 കോടി 90 ലക്ഷം രൂപയിൽ 13 കോടി 64 ലക്ഷം രൂപയാണ് വിനിയോഗിച്ചിട്ടുള്ളതെന്നും 5 കോടി 64 ലക്ഷം രൂപയാണ് ഗവൺമെന്റിൽ നിന്ന് റിലീസ് ചെയ്ത് കിട്ടിയതെന്നും ആ തുക പൂർണ്ണമായും ട്രഷറിയിൽ നിന്ന് പിൻവലിക്കാൻ കഴിഞ്ഞിട്ടില്ലെന്നും സ്വയം തൊഴിൽ സംരംഭകർക്ക് വായ്പ കൊടുക്കാനാണ് ഈ തുക വിനിയോഗിക്കുന്നതെന്നും വനിതാ വികസന കോർപ്പറേഷൻ നിലവിൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നും ആദ്യമായി കഴിഞ്ഞ വർഷം കോർപ്പറേഷന്റെ ലാഭവിഹിതം സർക്കാരിന് കൈമാറിയെന്നും വായ്പ കൊടുക്കാനും കോർപ്പറേഷന്റെ തുടർ പദ്ധതികൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജററ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 4.65 കോടി രൂപ അധികമായി അനുവദിക്കണമെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

അധികമായി ആവശ്യപ്പെട്ട തുക ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-103-90-02—<u>വനിതാവികസന കോർപ്പറേഷൻ-ഫ്ളാഗ്ഷിപ്പ്പ്രോഗ്രാം ഓൺ ജെന്റർ അവെയർനെസ്</u>

പ്രസ്തുത പദ്ധതി പ്രകാരം പ്രധാനമായും പോലീസുദ്യോഗസ്ഥർക്ക് 'ബോധ്യം' എന്ന ട്രെയിനിംഗ് കൊടുക്കുന്നുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് അലോക്കേഷൻ

നൽകിയിട്ടുണ്ടെങ്കിലും ഗവൺമെന്റിൽനിന്നും 10 ലക്ഷം രൂപയുടെ റിലീസ് മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും പതിനായിരത്തോളം പോലീസുകാർക്ക് മാത്രമാണ് നിലവിൽ ട്രെയിനിംഗ് കൊടുക്കാൻ സാധിച്ചിട്ടുള്ളതെന്നും ട്രെയിനിംഗ് കൊടുക്കാൻ വേണ്ടി ധാരാളം പോലീസ് ട്രെയിനികളുടെ അഭ്യർത്ഥന വരുന്നുണ്ടെങ്കിലും ഫണ്ട് ലഭിച്ചാൽ മാത്രമെ ബാക്കിയുള്ളവർക്ക് കൂടി ട്രെയിനിംഗ് കൊടുക്കാൻ സാധിക്കുകയുള്ളൂവെന്നും പോലീസ് സ്റ്റേഷനിൽ വരുന്ന സ്ത്രീകളോട് ജെൻഡർ ഫ്രീയായി സംസാരിക്കുന്നതിനായി നാല് ദിവസത്തെ ട്രെയിനിംഗ് 2017 മുതൽ നൽകി വരുന്നെന്നും പ്രസ്തുത പദ്ധതിക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥ അറിയിച്ചു.

പ്രസ്തുത ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-103-89—<u>വനിതകൾക്ക് വേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ</u>

വനിത വികസന കോർപ്പറേഷന്റെ ഭാഗമായി 2009 മുതൽ നടത്തിവരുന്ന ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമും 'റീച്ച്' എന്ന പേരിൽ ഒരു ഫിനിഷിംഗ് സ്കൂളും നടത്തിവരുന്നുണ്ടെന്നും പ്രസ്തുത പ്രോഗ്രാമിന്റെ കീഴിൽ വരുന്ന നഴ്സുമാർക്ക് പുറത്തുപോകാൻ വേണ്ടി IELTS-ന്റെയും OET-യുടെയും ട്രെയിനിംഗ് കൊടുത്തിട്ടുണ്ടെന്നും ODEPC-മായി ചേർന്ന് പ്ലേസ്മെന്റോടുകൂടിയുള്ള ഒരു പ്രോഗ്രാം ആസൂത്രണം ചെയ്യുന്നുണ്ടെന്നും ഈ ശീർഷകത്തിൽ എല്ലാവർഷവും ബഡ്ജററിൽ തുക വകയിരുത്തുന്നുണ്ടെങ്കിലും ഫണ്ട് ലഭിക്കുന്നില്ല എന്നും നിലവിലുള്ള ബഡ്ജറ്റ് വിഹിതമായ 200 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പ്രസ്തുത തുക ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>പൊതുഭരണ വകുപ്പ്</u>

<u>2235-02-001-87-31</u>—<u>മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം- ശമ്പളം</u>

കമ്മീഷനിലെ ശമ്പളം ഉൾപ്പെടെയുള്ള എല്ലാ ചെലവുകൾക്കും വേണ്ടിയുള്ള പ്രസ്തുത നോൺ പ്ലാൻ ഹെഡ്ഡിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന 1.9333 കോടി രൂപ അപര്യാപ്തമായതിനാൽ 1.1064 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമകോർപ്പറേഷൻ

2235-02-190-97—കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം (പ്ലാൻ)

ഭവനസമുന്നതി, വിദ്യാസമുന്നതി, മംഗല്യസമുന്നതി എന്നീ മൂന്ന് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകളാണ് ഉള്ളതെന്നും വിദ്യാസമുന്നതി എന്നത് മെരിറ്റ് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണെന്നും മുൻസാമ്പത്തിക വർഷങ്ങളിൽ 17 കോടി രൂപ അലോട്ട്മെന്റ് ഉണ്ടായിരുന്നുവെങ്കിലും ഈ തവണ 12 കോടി രൂപയായി കുറച്ചിട്ടുണ്ടെന്നും ഏറെ ജനശ്രദ്ധ പിടിച്ചു പറ്റിയ മംഗല്യസമുന്നതിക്കും ഭവന സമുന്നതിക്കും അധിക തുക ആവശ്യമാണെന്നും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മംഗല്യസമുന്നതി പദ്ധതിക്ക് 4 കോടി രൂപയും ഭവനസമുന്നതി പദ്ധതിക്ക് 10.5 കോടി രൂപയും വിദ്യാസമുന്നതി പദ്ധതിക്ക് 5 കോടി രൂപയും ഉൾപ്പെടെ ആകെ 19.5 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥ വിശദമാക്കി.

ഭവനസമുന്നതി പദ്ധതി പ്രകാരം അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം മാത്രമല്ല സർക്കാർ അംഗീകാരം നൽകി 164 മുന്നാക്ക വിഭാഗങ്ങളിലും നിന്നു ലഭിക്കുന്ന അപേക്ഷകളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നവർക്ക് ധനസഹായം നൽകി വരുന്നുവെന്നും പരാമാവധി രണ്ട് ലക്ഷം രൂപ വരെയാണ് നൽകുന്നതെന്നും കോർപ്പറേഷന്റെ എംപാനൽഡ് എഞ്ചിനീയർമാർ പരിശോധിച്ച് നൽകുന്ന എസ്റ്റിമേറ്റ് അനുസരിച്ച് രണ്ട് തവണകളായാണ് തുക അനുവദിച്ചിരിക്കുന്നതെന്നും സമിതിയുടെ വിവിധ ചോദ്യങ്ങൾക്ക് മറുപടിയായി ഉദ്യോഗസ്ഥർ വിശദമാക്കി.

ഭവനസമുന്നതി, വിദ്യാസമുന്നതി, മംഗല്യസമുന്നതി എന്നീ മൂന്ന് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾക്കും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മംഗല്യ സമുന്നതി പദ്ധതിക്ക് 4 കോടി രൂപയും ഭവനസമുന്നതി പദ്ധതിക്ക് 10.5 കോടി രൂപയും വിദ്യാസമുന്നതി പദ്ധതിക്ക് 5 കോടി രൂപയും ഉൾപ്പെടെ ആകെ 19.5 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-190-97—കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷനുള്ള ധനസഹായം

മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ, ചെയർമാൻ ഉൾപ്പെടെയുള്ളവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന 89.91 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സൈനിക ക്ഷേമ (എ) വകുപ്പ്

2235-60-200-71—ജവാന്മാർക്കുവേണ്ടിയുള്ള ക്രിസ്തുമസ് - ന്യൂ ഇയർ ബംബർ ലോട്ടറിയുടെ അറ്റാദായം - ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്

2013-ൽ നറുക്കെടുപ്പ് നടന്ന ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപയിൽ 7.50 കോടി രൂപയാണ് വകുപ്പിന് നൽകിയിട്ടുള്ളതെന്നും ആ വകയിൽ ഇനിയും 5.47 കോടി രൂപ നൽകാനുണ്ടെന്നും മനസ്സിലാക്കിയ സമിതി നിലവിൽ ബഡ്ജറ്റ് വിഹിതമായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 5.47 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ആഭ്യന്തര വകുപ്പ്

2235-02-106-98—ദുർഗ്ഗുണ പരിഹാര പാഠശാല

വർദ്ധിച്ചുവരുന്ന ചെലവുകൾ കണക്കിലെടുത്ത് ദുർഗ്ഗുണ പരിഹാര പാഠശാലയിലെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നീ ചെലവുകൾക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-106-92—തടവുകാരുടെ ക്ഷേമം

സെൻട്രൽ ജയിലുകളിലെയും തുറന്ന ജയിലുകളിലെയും ആശുപത്രി സൗകര്യം വർദ്ധിപ്പിച്ച് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ മാതൃകയിലേക്ക് ഉയർത്തുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക്ശേഷം 3.35 ന് അവസാനിച്ചു.

## 5-3-2024-ൽ കൂടിയ സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ യോഗനടപടികളുടെ റിപ്പോർട്ട്

സാമൂഹ്യസേവനം സംബന്ധിച്ച XIII-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ യോഗം 2024 മാർച്ച് 5-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമ സഭാസമുച്ചയത്തിലെ '5-ബി' സമ്മേളനഹാളിൽ സമിതിചെയർമാനും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാവായി ആരോഗ്യ വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാജോർജ് വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീമതി ശാന്തകുമാരി കെ.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം:

ശ്രീ. സി. സി. മുകുന്ദൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വിജയ് അമൃത്‌രാജ് എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 69 വരെയുള്ള ശിപാർശകൾ മാറ്റങ്ങളൊന്നും കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.)

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.